
# എറണാകുളം മിസ്സം
# ERNAKULAM MISSAM


English & Malayalam Monthly

Vol. No. 66 Issue No. 7 July 2023 Rs. 15/-

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY






നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന
മാർ തോമസ് ചക്യത്ത് പിതാവിന്
എറണാകുളം – അങ്കമാലി അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം
## ERNAKULAM MISSAM
English & Malayalam Monthly

Vol. No. 66 Issue No. 7 July 2023 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. ഇടയലേഖനം - ദുക്റാനതിരുനാൾ - സഭാദിനം

11. കെ.സി.ബി.സി. സർക്കുലർ - മണിപ്പൂരിലെ കലാപം

15. കെ.സി.ബി.സി. സർക്കുലർ - എസ്.സി./എസ്.ടി./ബി.സി.

17. കെ.സി.ബി.സി. സർക്കുലർ - യുവജനദിനം

22. സിനഡനന്തര സർക്കുലർ

27. കച്ചേരിക്കാര്യം

28. Transfers/Appointments

30. നിര്യാതരായി

36. വാർത്തകളും വിശേഷങ്ങളും

38. അതിരൂപതാ ബൈബിൾ കലോത്സവം 2023

47. വിശ്വാസപരിശീലന കേന്ദ്രം

50. AICO

51. ഫാമിലി അപ്പോസ്തലേറ്റ്

53. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

56. നൈപുണ്യ ഇന്റർനാഷണൽ

58. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Tharayil Varkey, Kuthiathodu | 1879 | 1905 | 1-7-1934 |
| Fr. Panjikaren Valiya Joseph, Kuthiathode | | | 1-7-1825 |
| Fr. Thaliath Baselios TOCD, Puthenpally | 1853 | 1878 | 3-7-1916 |
| Fr. Payyappilly Paul, Akaparambu | 1935 | 1963 | 4-7-2018 |
| Fr. Kandathil Thomas, Chempu | 1856 | 1880 | 5-7-1912 |
| Fr. Chennekadan Gerard, Angamaly | | | 5-7-1927 |
| Fr. Vithayathil Joseph, Kuthiathodu | 1929 | 1956 | 5-7-1994 |
| Fr. Parakkal Thariath, Kanjoor | 1880 | 1910 | 6-7-1949 |
| Fr. Maniamkottu Emmanual, S. Parur | 1929 | 1958 | 6-7-1994 |
| Fr. Nayappilly Pathrose, Kothavara | 1899 | 1929 | 7-7-1935 |
| Fr. Alumkara Kuruvila, Vaikom | 1885 | 1911 | 8-7-1946 |
| Fr. Maniamkot Isaac, Chethikode | 1913 | 1940 | 9-7-1997 |
| Msgr. Painumkal Joseph, Chathamma | 1894 | 1920 | 10-7-1967 |
| Fr. Puthussery Varghese, Mookkannoor | 1952 | 1978 | 10-7-2008 |
| Fr. Cheruvallil Kuriakose, Amballoor | 1940 | 1967 | 10-7-2019 |
| Fr. Manikanamparambil Kuriakose, S. Parur | 1859 | | 13-7-1905 |
| Fr. Payyappilly Paul, Kanjoor | 1939 | 1962 | 13-7-2013 |
| Fr. Pudichery George, Edad | 1927 | 1955 | 14-7-2009 |
| Fr. Vezhaparampil Joseph, Kanjoor | 1857 | 1902 | 15-7-1933 |
| Fr. Mangalath Jacob TOCD, Pallipuram | 1828 | | 16-7-1876 |
| Msgr. Kandathil Augustine, Nadel | 1920 | 1947 | 18-7-2001 |
| Fr. Kiriyanthan Sebastian, Narakkal | 1916 | 1947 | 20-7-2005 |
| Fr. Kavalipadan Joseph, Karippassery | 1928 | 1956 | 20-7-2016 |
| Fr. Valookkaran Mathew, Karukutty | 1937 | 1966 | 20-7-2022 |
| Fr. Vezhaparampil Kochouseph, Kanjoor | 1881 | 1909 | 22-7-1941 |
| Fr. Kelamparambil Job, Thycattussery | 1949 | 1975 | 22-7-2021 |
| Fr. Nereveettil George, Edappally | 1963 | 1990 | 22-7-2022 |
| Fr. Sankoorikal Joseph, Narakkal | 1905 | 1935 | 24-7-1989 |
| Fr. Palakkal Kurian TOCD, Pallipuram | 1826 | 1861 | 24-7-1898 |
| Fr. Parappuram Paul, Vallam | 1883 | 1910 | 25-7-1956 |
| Fr. Mulavarikkal Thomas, Prasannapuram | 1922 | 1952 | 29-7-2000 |
| Fr. Kudiyiruppil Joseph, Mattoor | 1931 | 1959 | 29-7-2015 |
| Fr. Panjikaren Joseph, Muttom | 1888 | 1916 | 30-7-1973 |
| Fr. Cheruvallikatt Xavier, Muttom | 1927 | 1957 | 30-7-2004 |

Prot. No. 0611/2023

## ഇടയലേഖനം

# ദുക്റാനതിരുനാൾ - സഭാദിനം 2023

സീറോമലബാർസഭയുടെ
മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ സഭാദിനമായി മുൻ വർഷങ്ങളിലേതുപോലെതന്നെ ഈ വർഷവും നമ്മൾ ആചരിക്കുകയാണല്ലോ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന മാർതോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവും തുടർന്ന് അദ്ദേഹം നടത്തിയ സുവിശേഷപ്രഘോഷണയാത്രയും താൻ പ്രഘോഷിച്ച വിശ്വാസത്തിനു സാക്ഷ്യംനല്കികൊണ്ടു വരിച്ച രക്തസാക്ഷിത്വവുമാണ് നമ്മുടെ സഭയുടെയും നാമോരോരുത്തരുടെയും വിശ്വാസം പണിതുയർത്തിയിരിക്കുന്ന മൂലക്കല്ല്. രക്ഷാകരസന്ദേശം ഭാരതത്തിൽ എത്തിക്കാൻ മാർതോമാശ്ലീഹായെ നിയോഗിച്ച ദൈവപരിപാലനയ്ക്കു നന്ദിപറയാനും ശ്ലീഹായുടെ ജീവിതസാക്ഷ്യത്തിൽനിന്ന് ഊർജം സ്വീകരിച്ചുകൊണ്ടു ഇന്നത്തെ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ ധീരതയോടെ അഭിമുഖീകരിക്കാനുള്ള വിശ്വാസതീക്ഷ്ണതയ്ക്കുവേണ്ടി പ്രാർഥിക്കാനും ഈ വർഷത്തെ തിരുനാളാഘോഷം ഇടവരുത്തട്ടെ. അതിനുതകുന്ന ഏതാനും കാര്യങ്ങൾ ഈ ഇടയലേഖനത്തിലൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

ക്രിസ്തുവർഷം 72-ൽ മദ്രാസിലെ ചിന്നമലയിൽ മാർതോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ 1950-ാം വാർഷികാചരണമായിരുന്നു

കഴിഞ്ഞ വർഷത്തെ ദുക്റാന തിരുനാളിന്റെ മുഖ്യപ്രമേയം. സഭയുടെ വിവിധതലങ്ങളിൽ അതു നമ്മൾ ആഘോഷിച്ചു. സീറോമലബാർ ഹയരാർക്കി 1923-ൽ സ്ഥാപിതമായതിന്റെ ശതാബ്ദിവർഷമെന്ന പ്രത്യേകതയാണ് ഈ വർഷത്തെ ആഘോഷങ്ങൾക്കുള്ളത്. മാർ തോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്താൽ ആരംഭിച്ച ഈ സഭ ആദ്യനൂറ്റാണ്ടുകളിൽ തദ്ദേശീയമായ സംവിധാനങ്ങളിലൂടെ വളർച്ച യാരംഭിക്കുകയും പേർഷ്യൻ സഭയുമായുള്ള ബന്ധത്തിലൂടെ ആരാധന ക്രമപരവും ഘടനാപരവുമായ വളർച്ച നേടുകയും ചെയ്തു. പതി നാറാം നൂറ്റാണ്ടിൽ ലത്തീൻ ഭരണസംവിധാനത്തിലായ നമ്മുടെ സഭ, ഉദയംപേരൂർ സൂനഹദോസിലൂടെയുണ്ടായ പ്രതിസന്ധിവഴി കൂനൻ കുരിശുസത്യത്തിലേക്കു നയിക്കപ്പെട്ടു. ഈ സാഹചര്യത്തിലും പരിശുദ്ധ സിംഹാസനത്തോടൊപ്പം നില്ക്കാൻ നമുക്കു കഴിഞ്ഞു. 1887-ൽ ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പയാണ് സുറിയാനി കത്തോലിക്കരെ ലത്തീൻ സഭയിൽനിന്നു വേർതിരിച്ചു കൊണ്ടു സീറോമലബാർ വിശ്വാസികൾക്കുവേണ്ടി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചത്. 1896-ൽ കോട്ടയം, തൃശൂർ വികാരിയാത്തുകളിൽനിന്നു എറണാകുളം വികാരിയാത്തു സ്ഥാപി തമാകുകയും കോട്ടയം വികാരിയാത്തു ചങ്ങനാശ്ശേരി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ മൂന്നു വികാരിയാത്തുകളിലും തദ്ദേശീയമെത്രാന്മാരെ നിയമി ക്കുകയും ചെയ്തു. 1911-ൽ ക്നാനായക്കാർക്കായി കോട്ടയം വികാരി യാത്തു സ്ഥാപിതമായി. ഈ ഹയരാർക്കിക്കൽ സംവിധാനങ്ങളുടെ പൂർത്തീകരണമായി 1923 ഡിസംബർ 21-ന് പതിനൊന്നാം പിയൂസ് മാർപാപ്പ എറണാകുളം വികാരിയാത്തിനെ അതിരൂപതയായും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം വികാരിയാത്തുകളെ സാമന്തരൂപതകളായും നിശ്ചയിച്ചുകൊണ്ടു സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു. നമ്മുടെ സഭയുടെ വളർച്ചയിൽ നാഴികക്കല്ലായി മാറിയ ഈ ചരിത്രസംഭവ ത്തിന്റെ ശതാബ്ദിയാണ് ഈ വർഷം നമ്മളാചരിക്കുന്നത്.

പിന്നീടുള്ള വർഷങ്ങളിൽ നമ്മുടെ സഭയുടെ വളർച്ച ത്വരിതപ്പെടു ത്തുന്ന നടപടികൾ പരി. സിംഹാസനം സ്വീകരിച്ചു. 1956-ൽ ചങ്ങനാ ശ്ശേരി അതിരൂപതയായി ഉയർത്തപ്പെട്ടു. കേരളത്തിലും കേരളത്തിനു പുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. 1990-ൽ പ്രാബല്യത്തിൽ വന്ന പൗരസ്ത്യ കാനൻനിയമസംഹിതയനുസരിച്ച് 1992 ഡിസംബർ 16-ാം തീയതി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സീറോമലബാർ സഭയെ മേജർആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും

കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെ ആദ്യത്തെ മേജർ ആർച്ചു ബിഷപ്പായി നിയമിക്കുകയും ചെയ്തു. പിന്നീട് 1995-ൽ തൃശ്ശൂർ, തലശ്ശേരി രൂപതകൾ അതിരൂപതകളായി ഉയർത്തപ്പെട്ടു. ഭാരതത്തിലും ഭാരതത്തിനു പുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2017 ഒക്ടോബർ 10-ന് സീറോമലബാർ സഭയുടെ അതിർത്തി ഭാരതംമുഴുവനിലേക്കും വ്യാപിപ്പിക്കുകയും അജപാലനത്തിനും സുവിശേഷവത്ക്കരണത്തിനുമായുള്ള അവകാശം സഭയ്ക്കു നല്കുകയും ചെയ്തത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ്. 1923-ൽ നിന്നു 2023-ലേക്കുള്ള വളർച്ചയുടെ ഫലമായി സീറോമലബാർ സഭയ്ക്കു ഭാരതത്തിൽ 31 രൂപതകളും ഭാരതത്തിനു പുറത്ത് 4 രൂപതകളും ഒരു അപ്പസ്തോലിക് വിസിറ്റേഷനും ഉൾപ്പെടെ സഭാസംവിധാനങ്ങളുടെ വിപുലീകരണത്തിലും ഇതര മേഖലകളിലും നിർണായകമായ വളർച്ചനേടാൻ സാധിച്ചുവെന്നതിൽ നമുക്കു ദൈവത്തിനു നന്ദിപറയാം.

സഭയുടെ ഹയരാർക്കിക്കൽ വളർച്ചയ്ക്കൊത്തു ആത്മീയതയിലും കൂട്ടായ്മയിലുമുള്ള വളർച്ചയും ഈ കാലയളവിൽ നേടാൻ സാധിച്ചിട്ടുണ്ട് എന്നതു യാഥാർത്ഥ്യമാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണു നമ്മുടെ സഭയ്ക്കു കൈവന്നിരിക്കുന്ന വളർച്ച. 2023 ജൂൺമാസം കൂടിയ മെത്രാൻസിനഡിൽ കൈക്കൊണ്ട തീരുമാനങ്ങൾ സഭയുടെ വളർച്ചയ്ക്കു പുതിയ ദിശാബോധം നല്കുന്നതിനും പ്രേഷിതമേഖലകളെ ശക്തിപ്പെടുത്തുന്നതിനും വിവിധ സഭാശുശ്രൂഷകളെ ഏകോപിപ്പിക്കുന്നതിനും ഉപകരിക്കുന്നവയാണ്. ഈ ലക്ഷ്യത്തോടെയുള്ള സിനഡുതീരുമാനങ്ങൾ പരി.സിംഹാസനത്തിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുമ്പോൾ നമ്മുടെ സഭയുടെ ചരിത്രം പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിക്കും. ദൈവപരിപാലനയിൽ ആശ്രയമർപ്പിച്ചുകൊണ്ടും നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടും പൗരസ്ത്യസഭയുടേതായ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടും നമുക്ക് ഒരുമിച്ചു മുന്നേറാം.

സാർവത്രികസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തിസഭയായി നാം വളരുമ്പോൾ പരിശുദ്ധ പിതാവിനോടു ചേർന്നു വൈദികമേലധ്യക്ഷന്മാരും വൈദികരും സമർപ്പിതരും അല്മായരും വിധേയത്വത്തോടെയും സഹകരണമനോഭാവത്തോടെയും വർത്തിക്കണം. നമ്മുടെ സഭയിൽ സിനഡാത്മകത (synodality) എല്ലാതലങ്ങളിലും പ്രായോഗികമാക്കാൻ

എല്ലാവരും പരിശ്രമിക്കണം. 'ഒന്നിച്ചു നടക്കുക' എന്നതുകൊണ്ടു പരിശുദ്ധ പിതാവ് ഉദ്ദേശിക്കുന്നത് ഒന്നിച്ചു ചിന്തിക്കുകയും ഒന്നിച്ചു സംവദിക്കുകയും ഒരുമയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ജീവിത ശൈലിയാണ്. ദൈവത്തിന്റെ കൃപയാലും സഭാമക്കളുടെ സ്നേഹ ത്താലും സഹകരണത്താലും നമ്മുടെ സഭാകൂട്ടായ്മയെ ശക്തിപ്പെടു ത്താൻ നമുക്കു പരിശ്രമിക്കാം.

ഈ പശ്ചാത്തലത്തിൽ ഒരു പ്രത്യേകകാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭ കേരളത്തിൽനിന്നു ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും ഭാരതത്തിൽനിന്നു ലോകത്തിന്റെ വിവിധ രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ നിന്നു സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനും ജോലിക്കുംവേണ്ടി വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ പിന്നീടു അവിട ങ്ങളിൽ സ്ഥിരതാമസക്കാരായി മാറുകയുംചെയ്യുന്നു. ഈ കുടുംബ ങ്ങൾക്കും വ്യക്തികൾക്കും അജപാലനശുശ്രൂഷ നല്കുന്നതിനായാണ് അമേരിക്കയിലും കാനഡയിലും ഗ്രേറ്റ്ബിട്ടനിലും ഓസ്ട്രേലിയയിലും സീറോമലബാർ രൂപതകളും യൂറോപ്പിൽ അപ്പസ്തോലിക് വിസിറ്റേ ഷനും സ്ഥാപിതമായിരിക്കുന്നത്. മാതൃസഭയിൽനിന്നു വിദേശരാജ്യ ങ്ങളിൽ എത്തിച്ചേരുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും അജ പാലനപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും സഭാകൂട്ടായ്മ യിൽ അവരെ ചേർത്തുനിറുത്താനും മാതൃസഭയിലെ രൂപതകളും വിദേശരാജ്യങ്ങളിലെ രൂപതകളുംചേർന്നു സംയുക്ത അജപാലന പദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവർ സീറോമലബാർസഭയിലെ അംഗങ്ങൾ എന്ന അവബോധ ത്തോടെ തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കാനും ആരാധനക്രമ സംബന്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരാനും കുഞ്ഞുങ്ങൾക്കു സഭാകൂട്ടായ്മയിൽ വിശ്വാസപരിശീലനം നൽകാനും ശ്രദ്ധിക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കട്ടെ.

ക്രൈസ്തവവിശ്വാസമനുസരിച്ചുള്ള ജീവിതത്തിനും പ്രവർത്തന ങ്ങൾക്കും ഇന്നു സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെ ക്കുറിച്ചുകൂടി ഏതാനും ചിന്തകൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ക്രൈസ്തവരും സഭാസമൂഹങ്ങളും സഭാസ്ഥാപനങ്ങളും വിവിധ മേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗി

ക്കുവിൻ” (മർക്കോ. 16:15) എന്ന ദൈവകല്പിതമായ ദൗത്യം നിർവഹിക്കാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു. സുവിശേഷപ്രഘോഷണമില്ലെങ്കിൽ സഭയില്ല എന്ന സത്യം നമ്മൾ മനസിലാക്കണം. പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്താൽ ആകർഷിക്കപ്പെട്ടു ക്രൈസ്തവവിശ്വാസം സ്വീകരിക്കാൻ ഒരു വ്യക്തി ആഗ്രഹിച്ചാൽ അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല. കാരണം അത് കേവലം മാനുഷികമായ ഒരു തീരുമാനം മാത്രമല്ല ദൈവികപദ്ധതികൂടിയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കുന്നതുപോലെ “എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല” (6:44). പീഡനങ്ങൾക്കോ ഭീഷണികൾക്കോ ഒരു യഥാർത്ഥ വിശ്വാസിയെ തന്റെ ബോധ്യത്തിൽനിന്നു പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു രക്തസാക്ഷികളുടെ ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷത്തിനുവേണ്ടി നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സത്യമാണ് പ്രഘോഷിക്കുന്നത്: “എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ, ശക്തികൾക്കോ, ഉയരത്തിനോ, ആഴത്തിനോ, മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്” (റോമ 8:38-39). ഐസിസ് തീവ്രവാദികൾ ലിബിയൻ കടൽത്തീരത്തു വച്ചു കഴുത്തറുത്തുകൊന്ന 21 എത്യോപ്യൻ രക്തസാക്ഷികളും ഇതേ തീവ്രവാദികളുടെ പീഡനങ്ങൾക്കിടയിലും ഈശോയിലുള്ള വിശ്വാസം തള്ളിപ്പറയാതെ മരണംവരിച്ച ഇറാക്കിലെയും സിറിയയിലെയും നൂറുകണക്കിനു വിശ്വാസികളും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും മണിപ്പൂരിലും ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയുംചെയ്ത ക്രൈസ്തവസഹോദരങ്ങളും ഈ ലോകത്തിലുള്ള ഒരു ശക്തിക്കും ഒരു ഭീഷണിക്കും ഒരു യഥാർത്ഥ വിശ്വാസിയെ പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു ഈ കാലഘട്ടത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നു.

സംഘടിതമായ എതിർപ്പുകളുടെയും ന്യായീകരിക്കാനാകാത്ത പ്രകോപനങ്ങളുടെയും തിരഞ്ഞുപിടിച്ചുള്ള ആക്രമണങ്ങളുടെയും പശ്ചാത്തലത്തിലും പൊതുസമൂഹത്തിന്റെ നന്മയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള സഭയുടെ പ്രവർത്തനങ്ങൾ തുടരുന്നതിൽ നമുക്കു മടുപ്പും മനക്ലേശവും ഉണ്ടാകരുത്. ഇത്തരം സാഹചര്യങ്ങളിൽ നഷ്ടധൈര്യരാകാതെ വിശ്വാസം കാത്തുസൂക്ഷിക്കാനും കാരുണ്യത്തോടും

സ്നേഹത്തോടുംകൂടെ ക്രൈസ്തവജീവിതം നയിക്കാനും അനുദിന ജീവിതസാഹചര്യങ്ങളിൽ അതു സാക്ഷ്യപ്പെടുത്താനും നമുക്കു സാധിക്കണം. നമ്മെ പീഡിപ്പിക്കുന്നവരോടു കാരുണ്യപൂർവം വർത്തിക്കാൻ നമ്മുടെ വിശ്വാസം നമ്മെ നിർബന്ധിക്കുന്നു. അതേസമയം, നമ്മുടെ സ്ഥാപനങ്ങളും സംഘടനകളും വിവിധ സേവനമേഖലകളും ഇനിയും കാര്യക്ഷമമാക്കുകയും കുറവുകളും പോരായ്മകളും പരിഹരിച്ചു കൂടുതൽ ഫലപ്രദമാക്കുകയും എല്ലാ പ്രവർത്തനമേഖലകളിലും ആവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതു കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

തന്റെ ജീവിതത്തിലൂടെയും പ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും നമുക്കു മാതൃകയും പ്രചോദനവുമായ മാർതോമാശ്ലീഹായെ പിൻതുടർന്നു നമ്മുടെ വിശ്വാസജീവിതം ധീരതയോടെ നയിക്കാം. “ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു” (യോഹ. 16:33) എന്ന ഈശോയുടെ വാക്കുകൾ എല്ലാ പ്രതിസന്ധികളിലും നമുക്ക് ഊർജവും ഉണർവും ഉത്തേജനവും നല്കട്ടെ. ദുക്റാന തിരുനാളിന്റെയും സഭാ ദിനത്തിന്റെയും ആശംസകൾ സഭാമക്കൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ജൂൺ മാസം 25-ാം തീയതി നൽകപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ ഇടയലേഖനം 2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

*N*o. 3880/K 35/OL/KCBC/DS 26-06-2023

# മണിപ്പൂരിൽ രൂക്ഷമായി തുടരുന്ന കലാപാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസിദ്ധീകരിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ കഴിഞ്ഞ മെയ് മൂന്നിന് ആരംഭിച്ച് ഇപ്പോഴും തുടരുന്ന ആഭ്യന്തര കലാപം ഇതിനോടകം നൂറിലധികം മനുഷ്യജീവനുകൾ അപഹരിച്ചിരിക്കുന്നു. അതോടൊപ്പം പതിനായിരക്കണക്കിന് പേർ എല്ലാം ഉപേക്ഷിച്ച് പലായനം ചെയ്യാൻ നിർബ്ബന്ധിതരാവുകയും, നിരവധി സ്ഥാപനങ്ങളും ദേവാലയങ്ങളും അഗ്നിക്കിരയാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് വലിയ ആശങ്കയും ഭീതിയുമാണ് രാജ്യമൊട്ടാകെ ഉളവാക്കിയിട്ടുള്ളത്. മണിപ്പൂരിലെ ക്രൈസ്തവ സമൂഹത്തെ തുടച്ചുനീക്കുക എന്ന നിഗൂഢ ലക്ഷ്യത്തോടെ മതമൗലികവാദ പ്രസ്ഥാനങ്ങളുമായി ബന്ധമുള്ള സായുധ സംഘങ്ങൾ ആസൂത്രിതമായാണ് മണിപ്പൂർ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ കലാപത്തിന്റെ മറവിൽ ആക്രമണങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നത് എന്നത് ഈ ദിവസങ്ങളിൽ കൂടുതൽ വ്യക്തമാണ്.

രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കും തടസ്സമാകുന്ന ഇത്തരം നീക്കങ്ങളും കലാപങ്ങളും നിയമപരമായും നിഷ്പക്ഷമായും കൈകാര്യം ചെയ്തുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒഴിഞ്ഞു മാറാനാകില്ല. അങ്ങനെയിരിക്കെ, ചില പ്രത്യേക പ്രത്യയശാസ്ത്രങ്ങളെ പിന്തുണയ്ക്കുന്ന സായുധ സംഘങ്ങളെ സംസ്ഥാന സർക്കാർ സഹായിക്കുന്നതായും അവർ നടത്തുന്ന അക്രമ പ്രവർത്തനങ്ങൾക്ക് നേരെ കണ്ണടയ്ക്കുന്നതായുമുള്ള വാർത്തകൾ ആശങ്കാജനകമാണ്. അതോടൊപ്പം തന്നെ കേന്ദ്രസർക്കാർ സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നില്ല എന്നത് ആശങ്കകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ക്രൈസ്തവ സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിലും, മതേതരത്വ ത്തെ മാനിക്കുന്നവർ എന്ന നിലയിലും രാജ്യത്ത് ഉണ്ടാകുന്ന ഇത്തരം അസ്വസ്ഥതകളെയും അരക്ഷിതാവസ്ഥകളെയും കണ്ടില്ല എന്ന് നടിക്കാനോ പ്രതികരിക്കാതിരിക്കാനോ നമുക്ക് കഴിയുകയില്ല. ഏതു സമൂഹത്തിനും അവർ ആയിരിക്കുന്ന ഇടങ്ങളിൽ സുരക്ഷിതമായി, ഭയലേശമില്ലാതെ ജീവിക്കാൻ സാധിക്കുന്നവിധം രാജ്യത്തിലെ പൗരന്മാരെ ഒന്നായിക്കണ്ട് അവർക്ക് സുരക്ഷിതത്വം ഉറപ്പുനൽകേണ്ട ഉത്തരവാദിത്തം ഭരണനേതൃത്വങ്ങൾക്ക് ഉണ്ട്. ഏതൊരു രാഷ്ട്രീയ പാർട്ടിയും ഭരണത്തിലേക്ക് വരുന്നത് രാജ്യത്തിലെ പൗരന്മാർ പ്രതീക്ഷയോടെ അർപ്പിക്കുന്ന വോട്ടുകളുടെ ബലത്തിലും, പാർട്ടികൾ ക്കും പ്രത്യയശാസ്ത്രങ്ങൾക്കും അതീതമായ അവരുടെ സഹകരണ ത്തോടെയുമാണ്. അക്കാരണത്താൽത്തന്നെ മണിപ്പൂരിൽ നടമാടുന്ന അക്രമ പ്രവർത്തനങ്ങളോടും കലാപങ്ങളോടും നിഷ്പക്ഷമായി പ്രതികരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇനിയും വൈകരുത്.

ക്രൈസ്തവരെന്ന നിലയിൽ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി ഒത്തൊരുമിച്ച് പ്രവർത്തി ക്കുന്നതിനും, രാജ്യത്തോടുള്ള കൂറും വിശ്വസ്തതയും ഒരിക്കൽക്കൂടി ഉറക്കെ പ്രഖ്യാപിക്കുന്നതിനും ഈ അവസരത്തിൽ നാം ഉണർന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. മണിപ്പൂരിൽ കൊല്ലപ്പെട്ട സഹോദരരെ ഓർമ്മിച്ചുകൊണ്ടും, എല്ലാം നഷ്ടപ്പെട്ട് സ്വഭവനങ്ങളിൽനിന്നും സംസ്ഥാനത്തുനിന്നുതന്നെയും ഓടിപ്പോകേണ്ടി വരുന്നരും, മരണഭീതിയിൽ കഴിയുന്നവരും, പീഡിപ്പിക്കപ്പെടുന്നവരുമായ മണിപ്പൂരിലെ ആയിരക്കണക്കിന് സഹോദരീസഹോദന്മാരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടും അവരെ ശക്തിപ്പെടുത്തി കൊണ്ടും 2023 ജൂലൈ 2-ാംതീയതി ഒരു പ്രാർത്ഥനാദിനമായി ആചരി ക്കണമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തിട്ടുണ്ട്. ഈ ആഹ്വാനത്തെ സർവാത്മനാ സ്വീകരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭയും ജൂലൈ 2 പ്രാർത്ഥനാദിനമായി ആചരി ക്കുകയും, മണിപ്പൂരിനെയും, ഇന്ത്യയെ മുഴുവനെയും ദൈവതിരുമുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കൊല്ലപ്പെട്ടവരുടെ ആത്മാക്കൾക്ക് നിത്യശാന്തി ലഭിക്കുന്നതിനും, മുറിവേറ്റും പീഡിപ്പിക്കപ്പെട്ടും മാരകമായ അവസ്ഥയിലൂടെ കടന്നുപോകുന്നവർക്ക് ആശ്വാസം ലഭിക്കുന്നതിനും, എല്ലാം നഷ്ടപ്പെട്ട് പലായനം ചെയ്യപ്പെട്ട വ്യക്തികൾക്ക് സ്വദേശത്ത് തിരികെ എത്തി

സമാധാനത്തിൽ ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നതിനും വേണ്ടിയുള്ള നമ്മുടെ യാചനകൾ ദൈവതിരുമുമ്പിൽ സമർപ്പിക്കാൻ ഈ പ്രാർത്ഥനാദിനം സഹായിക്കട്ടെ. ഈ പ്രാർത്ഥനാദിനാചരണത്തോടു ചേർന്നുതന്നെ നമ്മുടെ പ്രതിഷേധങ്ങളും ആശങ്കകളും പൊതു സമൂഹത്തിൽ അവതരിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഇടവകതലത്തിലും സംഘടനാ തലങ്ങളിലും ക്രമീകരിക്കാനായും ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ. അതീവ ഗൗരവമുള്ള ഈ വിഷയത്തിലേയ്ക്ക് സർക്കാരിന്റെ സത്വര ശ്രദ്ധ ആകർഷിക്കത്തക്ക വിധം, ഇടവക - ഫൊറോന - രൂപത തലങ്ങളിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വിശ്വാസ സമൂഹത്തിന്റെ പ്രതിഷേധ പരിപാടികൾ ക്രമീകരിക്കുന്നത് ഉചിതമാണ്.

ഈ കലാപത്തിൽ സകലതും നഷ്ടപ്പെട്ട ആളുകളെ വേർതിരിവുകൾക്കതീതമായി സഹോദരീ സഹോദരന്മാരായി കണ്ടുകൊണ്ട് സഹായിക്കുക സൻമനസ്സുള്ള ഏവരുടെയും കടമയാണ്. ജൂലൈ 9-ാംതീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മണിപ്പൂരിനുവേണ്ടി പ്രത്യേകമായി സമാഹരിക്കേണ്ടതാണ്. അതിനുള്ള അറിയിപ്പ് പ്രാർത്ഥനാദിനമായി ആചരിക്കുന്ന ജൂലൈ രണ്ടിന് ദിവ്യബലിമധ്യേ നൽകുമല്ലോ. മണിപ്പൂരിൽ പുനരധിവാസ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന, ഭാരത കത്തോലിക്കാ സഭയുടെ ജീവകാരുണ്യ പ്രവർത്തന, സാമൂഹിക സേവന വിഭാഗമായ കാരിത്താസ് ഇന്ത്യയ്ക്കാണ് ആ പണം എത്തിച്ചുനൽകേണ്ടത്. കാരിത്താസ് ഇന്ത്യയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| | |
|---|---|
| Account name: | Caritas India |
| Account Number: | 0153053000007238 |
| Name & address of the Bank: | The South Indian Bank,<br>22, Regal Building Connaught Place,<br>New Delhi -110 001. |
| Bank's IFSC Code: | SIBL0000153 |

ഇടവകകളിൽനിന്ന് സ്തോത്രക്കാഴ്ചയിലൂടെ സമാഹരിക്കുന്ന പണം മേൽപ്പറഞ്ഞ ബാങ്ക് അക്കൗണ്ടിലേക്ക് അയക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്നും ഒരുക്കണമെന്ന് അഭ്യർഥിക്കുന്നു.

ആഭ്യന്തരകലാപത്തിന്റെ തുടർച്ചയായ കടുത്ത ദുരിതത്തിലൂടെ കടന്നുപോകുന്ന കുഞ്ഞുങ്ങളും വൃദ്ധരും രോഗികളും ഉൾപ്പെടുന്ന പതിനായിരക്കണക്കിന് ജനങ്ങളോടുള്ള ഐക്യദാർഢ്യം വാക്കുകൾ കൊണ്ട് മാത്രമല്ല, പ്രായോഗിക തലത്തിലും നമുക്ക് പ്രകടിപ്പിക്കാം. രാജ്യത്തിലെ ഉത്തമ പൗരന്മാരെന്ന നിലയിൽ നമ്മുടെ സഹപൗരന്മാരുടെ വേദനയിൽ പങ്കുപറ്റിക്കൊണ്ട് ജാതി മത രാഷ്ട്രീയ ഭേദമന്യേ ഏവരുടെയും കണ്ണു തുറപ്പിക്കാനും, സമയോചിതമായ ഇടപെടലിലൂടെ സമാധാനം പുനഃസ്ഥാപിക്കുന്നതിനായി ഭരണകർത്താക്കൾ പ്രവർത്തനനിരതരാകാനും നമ്മുടെ പ്രാർത്ഥനയും പ്രവർത്തനങ്ങളും വഴിയൊരുക്കട്ടെ എന്ന് ആശംസിക്കുന്നു.

**കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെ.സി.ബി.സി. പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെ.സി.ബി.സി. വൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെ.സി.ബി.സി. സെക്രട്ടറി ജനറൽ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

No. 3877/K 35/OL/KCBC/DS 17-06-2023

# കെ.സി.ബി.സി. എസ്.സി/എസ്.ടി/ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യപിതാക്കന്മാരേ, ബഹുമാനപ്പെട്ട വൈദികരേ,
ബഹു. സിസ്റ്റേഴ്സ്, പ്രിയ സഹോദരീസഹോദരന്മാരേ,

മതേതരത്വം മുഖമുദ്രയായ ജനാധിപത്യരാഷ്ട്രമാണ് നമ്മുടെ രാജ്യം. എന്നാൽ മതേതരത്വം ഉദ്ഘോഷിക്കുന്ന നമ്മുടെ ഈ രാജ്യത്ത് ക്രൈസ്തവമതം സ്വീകരിച്ചു എന്ന ഏകകാരണത്താൽ ജന്മാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ് പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച ദലിത് ക്രൈസ്തവവിഭാഗത്തിന്. ഇന്ത്യയുടെ ഭരണഘടന രൂപീകരിച്ചപ്പോൾ, നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ചു സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടുപോയ ജനസമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണഘടനയിൽ പട്ടികജാതി പട്ടിക വർഗ്ഗം എന്ന് വകുപ്പ് ചേർക്കുകയുണ്ടായി. എന്നാൽ 1950 ആഗസ്റ്റ് 10-ാം തീയതി പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഇറക്കിയ ഉത്തരവു പ്രകാരം ഹിന്ദുമതവിശ്വാസികൾക്ക് മാത്രമായി പട്ടികജാതിസംവരണം പരിമിതപ്പെടുത്തി. പിന്നീട് 1956 ൽ സിക്കുമതത്തിലെ ദലിതരെയും, 1990 ൽ ബുദ്ധമതത്തിലെ ദലിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ആ വിഭാഗങ്ങൾക്കും സംവരണം നൽകുകയുണ്ടായി. എന്നാൽ കഴിഞ്ഞ 73 വർഷങ്ങളായി ക്രൈസ്തവരായ ദലിതരെ പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ദലിത് ക്രൈസ്തവർ നിരന്തരമായ സമരങ്ങളും നിവേദനങ്ങളും സർക്കാരിന് നൽകിയതിന്റെ ഫലമായി പല കമ്മീഷനുകളും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ടുകൾ അനുകൂലമായിരുന്നെങ്കിലും ഫലം കണ്ടില്ല.

2004-ൽ ട്രിച്ചി സ്വദേശിയായ അഡ്വ. ഫ്രാങ്ക്ളിൻ സീസർ ദലിത് ക്രൈസ്തവർക്ക് സംവരണ ആനുകൂല്യം ലഭിക്കുന്നതിന് സുപ്രീം കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു, അതിൽ 1950 ആഗസ്റ്റ് 10-ാം

തീയതി ഇറക്കിയ ഉത്തരവിലെ 3-ാം ഖണ്ഡിക റദ്ദ്ചെയ്ത് ക്രൈസ്തവരായ ദലിതർക്ക് പട്ടികജാതിസംവരണം നൽകണമെന്ന് ആവശ്യപ്പെട്ടാണ് കേസ് ഫയൽ ചെയ്തത്. കേസിനെ സംബന്ധിച്ചുള്ള വിചാരണ പലപ്രാവശ്യം മാറ്റിവച്ചു എങ്കിലും 2023 ജൂലൈ 11-ാം തീയതി സുപ്രീംകോടതിയിൽ വീണ്ടും വിചാരണയ്ക്ക് എടുത്തിരിക്കുകയാണ്. ഈ അവസരത്തിൽ നമ്മുടെ ദലിത് ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും, അവരെ കരുതുവാനും സഭ പ്രതിജ്ഞാബദ്ധയാണ്. ഈ നിർണ്ണായക കേസ് സുപ്രീംകോടതിയിൽ വിജയിക്കുവാനും, പട്ടികജാതി സംവരണം അവർക്ക് ലഭ്യമാകുവാനും ദൈവകൃപയുടെ വലിയ നടത്തിപ്പ് ആവശ്യമാണ്. അതിനാൽ കേരള കത്തോലിക്കാസഭ മുഴുവൻ ഈ നിയോഗത്തിനായി 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുവാൻ കെ.സി.ബി.സി. നിശ്ചയിച്ചിരിക്കുകയാണ്. അന്നേദിവസം വിശ്വാസികൾ ദേവാലയങ്ങളിലും, സ്ഥാപനങ്ങളിലും സന്യാസ ഭവനങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തുക ഉചിതമാണ്. കേസ് വാദിക്കുന്ന വക്കീലന്മാരെയും, വിധി കല്പിക്കുന്ന ജഡ്ജിമാരേയും പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ഗീവർഗ്ഗീസ് മാർ അപ്രേം**
ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ

**ബിഷപ് ഡോ. വിൻസെന്റ് സാമുവൽ**
വൈസ്ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ

പി.ഒ.സി, കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

NB : 2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ എല്ലാ ദേവാലയങ്ങളിലും എല്ലാ സ്ഥാപനങ്ങളിലും, സന്യാസ ഭവനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

*N*o. 3879/K 35/OL/KCBC/DS 23-06-2023

# യുവജനദിനം 2023, ജൂലൈ 9, ഞായർ

**കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 9, ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ ആശംസകൾ!

വിശുദ്ധ ജോൺപോൾ പാപ്പാ 1986 ൽ ആരംഭിച്ച ലോകയുവജനദിനാഘോഷത്തിന്റെ 17-ാമത്തെ പതിപ്പിൽ എത്തിനിൽക്കുന്നു. "മേരി എഴുന്നേറ്റു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു" (ലൂക്കാ 1,39) എന്ന വേദവാക്യമാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഈ വർഷത്തെ യുവജനദിനാഘോഷത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. സഭയുടെ ചാലകശക്തികളായ ലക്ഷക്കണക്കിന് യുവജനങ്ങൾ ഒരുമിച്ചുവന്ന് ആഹ്ളാദപൂർവം ദൈവത്തിന് നന്ദിപറയുന്ന അവസരത്തെ സമർപ്പിച്ച് നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയെപ്പോലെ തിടുക്കവും തീക്ഷ്ണതയുമുള്ള ഒരു യുവജനസഭ, കേരളസഭയിലുണ്ടാകാനായി നമുക്ക് പദ്ധതികൾ തയ്യാറാക്കാം.

## തീക്ഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് 'തീക്ഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി' എന്നതാണ്. കേരളസഭ 2022-25 വർഷങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. 'സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം' എന്ന ആപ്തവാക്യത്തിലൂന്നിയ സഭാ നവീകരണ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിക്കേണ്ടത് യുവജനങ്ങളാണ്. കേരളസഭാ നവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാലഘട്ടമായിരുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, വിശ്വാസപരമായ സന്ദേഹങ്ങൾ, ആത്മീയവും ഭൗതികവുമായ

സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്. 2023 ഡിസംബർ 1,2,3 തീയതികളിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽവച്ച് 2024 വർഷം യുവജനവർഷമായി പ്രഖ്യാപിക്കപ്പെടുന്നു. കേരളസഭയിലെ യുവജനങ്ങൾ സഭയുടെ പ്രേഷിതരായി മാറാൻ 2025 ജൂബിലിവർഷത്തിൽ മിഷൻവർഷമായി ആചരിക്കാനും പദ്ധതിയുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാ സഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരത സഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗതസഭകൾ ഒരേ സ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ 'കാറ്റലിസ്റ്റു'കളാകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ ചരിത്രവും സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

### യുവാക്കൾ: ക്രിസ്തുവിന്റെ കരങ്ങൾ

ക്രിസ്തുവിന്റെ അനുകമ്പ അത്ഭുതങ്ങളായി മാറുന്ന കാഴ്ച വേദപുസ്തകത്തിന്റെ താളുകളിൽ നാം കാണുന്നു. ക്രിസ്തുവിന്റെ കരുണയുടെ കരങ്ങളായി മാറുന്ന യുവത്വം സഭയുടെ സ്വപ്നമാണ്. പ്രത്യേകിച്ച് ആരോരുമില്ലാത്തവർ, സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങൾ എന്നിവരിലേക്ക് നീളുന്ന കരുണയുടെ കരങ്ങളായി യുവജനങ്ങൾ മാറേണ്ടതുണ്ട്.

### ലഹരിമുക്ത യൗവ്വനം

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ മുതൽക്കൂട്ടാണ്; സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. യൗവ്വനം: ഒരു തലമുറ ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം;

അവർ ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളുമാകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവ്വനത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ, മൊബൈൽ അഡിക്ഷൻ തുടങ്ങിയവ കോവിഡനന്തര കാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കാൻ വേണ്ട പരിശീലനം നേടുകയും വേണം.

### വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വം

കേരളത്തിന്റെ സാക്ഷരതയ്ക്ക് ക്രൈസ്തവരുടെ പങ്ക് അനന്യമാണ്. വിദ്യാഭ്യാസ മേഖലയിലെ ആരോഗ്യകരമല്ലാത്ത പ്രവണതകൾ, പാഠപ്പുസ്തക പരിഷ്ക്കരണത്തിലെ രാഷ്ട്രീയ താത്പര്യങ്ങൾ, അനാവശ്യ നിയമനിർമാണങ്ങൾ, ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേരെയുള്ള അക്രമങ്ങൾ, അനാവശ്യസമരങ്ങൾ, വിദ്യാഭ്യാസമേഖലയിലെ ക്രൈസ്തവസംഭാവനകളുടെ തമസ്കരണം തുടങ്ങിയ സമകാലിക യാഥാർത്ഥ്യങ്ങൾ യുവജനങ്ങൾ മനസ്സിലാക്കുകയും സൃഷ്ടിപരമായി പ്രതികരിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശ രാജ്യങ്ങളിലേക്ക് നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികപരവും ആയ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രവാസികളായി വന്ന് ചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ

പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്താൻ സാധിക്കും വിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരഭകരായി മാറാൻ, സർക്കാർ ജോലി നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

**യുവാക്കൾ ക്ഷേമരാഷ്ട്രനിർമ്മിതിക്ക്**

ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ് യുവജനങ്ങൾ. ശുദ്ധ രാഷ്ട്രീയത്തിന്റെ വക്താക്കളായി ക്രൈസ്തവയുവത്വം മാറേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ കടപ്പെട്ടവരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയ തീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിയ്ക്കുമെന്നതിന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോള ഭീകരതയുടെ വേരുകൾ കേരളത്തിലെത്തി നിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗിനായി സ്വർണ്ണ കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ട് വയ്ക്കാൻ യുവാക്കൾക്ക് കഴിയണം. ഇപ്പോൾ മണിപ്പൂരിൽ നടക്കുന്നതുപോലുള്ള തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അതേസമയം തന്നെ ഫ്രാൻസിസ് അസ്സീസിയുടെ പ്രാർത്ഥന പോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ജീവനാണ്; മുത്താണ്. അവർ ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യുവാവായ ദൈവം പകരുന്ന ആദർശമാണ് അവരുടെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം., ജീസസ്യൂത്ത്, സിഎൽസി,

മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും അവരെ അനുധാവനം ചെയ്യുന്ന വൈദികർക്കും സന്യസ്തർക്കും യുവജനദിനത്തിന്റെ ആശംസകൾ.

യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ!

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

**N.B.** 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 0597/2023

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്ത മാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ പ്രത്യേക സിനഡുസമ്മേളനം 2023-ാം ആണ്ട് ജൂൺ മാസം 12 മുതൽ 16 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡുപിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർഥിച്ചതിനു ഹൃദയപൂർവ്വം നന്ദി പറയുന്നു.

**എറണാകുളം-അങ്കമാലി അതിരൂപത**

ഏകീകൃത വിശുദ്ധകുർബാനയർപ്പണരീതിയുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികൾക്കു ശാശ്വതമായ പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണു പ്രധാനമായും ഈ സിനഡുസമ്മേളനം വിളിച്ചുചേർത്തത്. നമ്മുടെ സഭയുടെ സ്ഥിരം സിനഡ് അംഗങ്ങൾ വത്തിക്കാനിലെത്തി സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിനും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ ആർച്ചുബിഷപ്പ് ക്ലൗദിയോ ഗുജറോത്തിയുമായി നിലവിലെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ ചർച്ചകൾ നടത്തി. പ്രസ്തുത ചർച്ചയിൽ പ്രശ്നപരിഹാരം ലക്ഷ്യമാക്കി ഉരുത്തിരിഞ്ഞ നിർദേശങ്ങളുടെ വെളിച്ചത്തിലാണു സിനഡിലെ ചർച്ചകൾ നടത്തിയത്. സീറോമലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹികസിംഹാസനം അംഗീകരിച്ചതും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി യാതൊരു മാറ്റവുമില്ലാതെ തുടരുമെന്നു സിനഡ് ആവർ

ത്തിച്ച് പ്രഖ്യാപിക്കുന്നു. ഏതെങ്കിലും ഒരു രൂപതയിൽ ഇതു നടപ്പിലാക്കാൻ പ്രതിസന്ധി നേരിടുന്നു എന്നതു മേല്പറഞ്ഞ തീരുമാനത്തെ യാതൊരു വിധത്തിലും അസ്ഥിരപ്പെടുത്തുകയോ അസാധുവാക്കുകയോ ചെയ്യുന്നില്ല. സഭയിലെ മറ്റെല്ലാ രൂപതകളെയും കൂട്ടായ്മയിലേക്കു നയിച്ച തീരുമാനത്തിൽ മാറ്റംവരുത്തുന്നതു സഭയിൽ അരാജകത്വം സൃഷ്ടിക്കും. ഈ സത്യം മനസിലാക്കി വിയോജിപ്പുള്ളവരും കൂട്ടായ്മയിലേക്കു കടന്നുവരണമെന്നു സിനഡ് ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. എല്ലാ പ്രതിസന്ധികളിലും കത്തോലിക്കാകൂട്ടായ്മയിൽ ഉറച്ചുനിന്ന നമ്മുടെ പൈതൃകം ചില നിക്ഷിപ്തതാല്പര്യങ്ങളുടെപേരിൽ ബലികൊടുക്കാൻ ഇടവരരുത്.

അഭിപ്രായാന്തരങ്ങൾ ചർച്ചകളിലൂടെയാണു പരിഹരിക്കേണ്ടത്. എറണാകുളം-അങ്കമാലി അതിരൂപതയുമായി വിവിധ തലങ്ങളിൽ സിനഡിന്റെ പ്രതിനിധികൾ ചർച്ച നടത്തിയിട്ടുണ്ട്. ഈ ചർച്ചകൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് ആവശ്യകമായ സാഹചര്യങ്ങൾ ക്രമീകരിക്കണമെന്നു പരിശുദ്ധ പിതാവിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചർച്ചകൾക്കൊപ്പം സഭാവിരുദ്ധനിലപാടുകളെ തിരുത്തുന്നതിനും സഭാത്മകമായ ഒരുമിച്ചുനടക്കലിന്റെ (Synodality) ആവശ്യകത വിശദമാക്കുന്നതിനും സഹായകമായരീതിയിൽ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള ഒരു പേപ്പൽ ഡെലഗേറ്റിനെയാണു സിനഡ് അഭ്യർത്ഥിച്ചിട്ടുള്ളത്. സിനഡിന്റെ ഈ അഭ്യർത്ഥനയെ അനുഭാവപൂർവ്വം പരിഗണിക്കാമെന്നു പരിശുദ്ധ പിതാവ് ഉറപ്പുനൽകിയിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ടു നിലനില്ക്കുന്ന എല്ലാ പ്രതിസന്ധികളും പുതിയ സംവിധാനത്തിലൂടെ എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ പരിഹരിക്കാനാകുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ദൈവകൃപയാൽ നമ്മുടെ സഭ ആഗോളതലത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വം വർദ്ധമാനമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ, എറണാകുളം-അങ്കമാലി പോലെ അതിവിസ്തൃതമായ ഒരു അതിരൂപതയുടെ ഭരണച്ചുമതല കൂടി മേജർ ആർച്ചുബിഷപ്പു നിർവഹിക്കുന്ന പതിവു തുടർന്നുപോകുന്നത് ശ്രമകരമായിരിക്കുമെന്നു സിനഡു വിലയിരുത്തുന്നു. എന്നാൽ, നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയെ വിഭജിക്കാനോ

അതിരൂപതയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ പുനഃക്രമീകരിക്കാനോ സിനഡ് ഉദ്ദേശിക്കുന്നില്ല. ഇതുസംബന്ധിച്ചുള്ള വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു സ്വതന്ത്ര ഭരണച്ചുമതലയുള്ള അതിരൂപതാധ്യക്ഷനെ നിയോഗിക്കണമെന്നാണു സിനഡുപിതാക്കന്മാർ ആഗ്രഹിക്കുന്നത്. ഇതിനു സഹായകമായ ക്രമീകരണങ്ങൾക്കായി ശ്ലൈഹികസിംഹാസനത്തോടു സിനഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

താത്കാലികമായ പ്രശ്നപരിഹാരം എന്നതിലുപരി, എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട സങ്കീർണമായ വിഷയങ്ങൾ അതിരൂപതയുടെകൂടി നന്മയെ ലക്ഷ്യമാക്കി ശാശ്വതമായി പരിഹരിക്കുന്നതിന് ആവശ്യകമായ ഒരു കർമ്മപദ്ധതിയാണു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതിയോടെ നടപ്പിലാക്കാൻ സിനഡു പരിശ്രമിക്കുന്നത്. നിലവിലുള്ള സംവിധാനങ്ങളിൽ മേല്പറഞ്ഞ മാറ്റങ്ങൾ വരുത്തുന്നതിനു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതി ആവശ്യമാണ്. അതിനാലാണു കൃത്യമായ തീരുമാനങ്ങൾ ഇപ്പോൾ പ്രഖ്യാപിക്കാൻ കഴിയാത്തത്. ഏറെ വൈകാതെ നിലവിലുള്ള പ്രതിസന്ധികളെല്ലാം ശാശ്വതമായി പരിഹരിക്കാനാകും എന്ന ഉറച്ച പ്രത്യാശയാണു സിനഡിനുള്ളത്. ഇതിനായി സഭയൊന്നാകെ പ്രാർത്ഥിക്കണമെന്നു സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

### എറണാകുളം ബസിലിക്ക

മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനദൈവാലയമായ എറണാകുളം സെന്റ് മേരീസ് ബസിലിക്ക ഏതാനും മാസങ്ങളായി അടഞ്ഞുകിടക്കുന്നതു സഭയുടെ മുഴുവൻ ദുഃഖമാണ്. ഏകീകൃത കുർബാനയർപ്പണരീതിയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും തമ്മിലുണ്ടായ സംഘർഷം ക്രമസമാധാനപ്രശ്നമായി വളർന്നപ്പോഴാണ് ആദ്യം ജില്ലാഭരണകൂടവും പിന്നീടു പോലീസും മുൻകൈ എടുത്തു ബസിലിക്ക അടച്ചത്. പൊതുസമൂഹത്തിൽ സഭയുടെ പ്രതിച്ഛായ ഏറെ വികലമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനോടനുബന്ധിച്ചു നടന്നതു നമ്മുടെ സഭയ്ക്കു തീരാകളങ്കമായി.

എറണാകുളം ബസിലിക്കാദൈവാലയം തുറക്കാനും വിശുദ്ധകുർബാനയൊഴികെയുള്ള ആത്മീയകർമങ്ങൾ അനുഷ്ഠിക്കാനും ധാരണയാ

യിട്ടുണ്ട്. കത്തീഡ്രൽ ദൈവാലയം എന്ന നിലയിൽ ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം ഏകീകൃതരീതിയിലുള്ള വിശുദ്ധകുർബാനയർപ്പണമല്ലാതെ ജനാഭിമുഖകുർബാന അവിടെ അർപ്പിക്കില്ല എന്നു ബസിലിക്കാ വികാരിയും കൈക്കാരന്മാരും നൽകിയ ഉറപ്പിന്മേലാണു ദൈവാലയം തുറക്കുന്നത്. ഇതിനുവിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരേ കാനൻനിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുന്നവരെ അവഗണിച്ചു, പരസ്പരവിശ്വാസവും സ്നേഹവുംവഴി സഭാഗാത്രത്തിലെ മുറിവുകൾ ഉണക്കാൻ എല്ലാവരും ബോധപൂർവം ശ്രമിക്കണം.

**മണിപ്പൂർ കലാപം**

ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ ഭാരതത്തിൽ വർദ്ധിച്ചുവരുന്നതു തികച്ചും ആശങ്കാജനകമാണ്. ഗോത്രസംഘർഷമായി ആരംഭിച്ച മണിപ്പൂർ കലാപം വർഗീയമായി ആളിക്കത്താൻ തുടങ്ങിയിട്ട് ആഴ്ചകളായെങ്കിലും അഗ്നിയണക്കാൻ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നു കാര്യമായ ശ്രമങ്ങളൊന്നും ഉണ്ടാകുന്നില്ല. വർഗീയകലാപമായിമാറിയ സംഘർഷത്തിൽ നൂറുക്കണക്കിനു മനുഷ്യജീവൻ പൊലിഞ്ഞിട്ടും അക്രമങ്ങൾ നിയന്ത്രിക്കാനോ വിധ്വംസകപ്രവർത്തകരെ നിലക്കുനിറുത്താനോ ഭരണകൂടത്തിനു കഴിയുന്നില്ല. മുന്നൂറോളം ക്രൈസ്തവ ദൈവാലയങ്ങൾ തകർക്കപ്പെട്ടിട്ടും ആയിരങ്ങൾ ഭവനരഹിതരായിട്ടും ഇത്തരം പ്രവർത്തനങ്ങളെ അപലപിക്കാനോ കലാപകാരികളെ തള്ളിപറയാനോ ഭരണത്തിന്റെ തലപ്പത്തുള്ളവർ ഇനിയും തയ്യാറായിട്ടില്ല എന്നതു വേദനാജനകമാണ്.

ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടാനും ന്യൂനപക്ഷങ്ങളെ ശ്വാസംമുട്ടിക്കാനുമായി നിയമങ്ങൾതന്നെ നിർമിക്കപ്പെടുന്നു എന്നതു ജനാധിപത്യത്തിനു ഭൂഷണമല്ല. ഭൂരിപക്ഷത്തിന്റെ പിൻബലത്തിൽ ഭരണഘടനാമൂല്യങ്ങൾ അട്ടിമറിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തി ന്യൂനപക്ഷങ്ങളെ സംരക്ഷിക്കേണ്ടത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്. കേരളത്തിലും ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങൾ വർഗീയ ലക്ഷ്യങ്ങളോടെ ആക്രമിക്കപ്പെടുന്ന സാഹചര്യം വർദ്ധിച്ചുവരുന്നത് ഏറെ ആശങ്കയുളവാക്കുന്നതാണ്.

**കാർഷിക പ്രശ്നങ്ങൾ**

കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുഭാവപൂർവമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. ബഫർസോൺ വിഷയത്തിൽ സുപ്രീംകോടതിവിധിക്കുശേഷവും കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടാതെ നില്ക്കുന്നു എന്ന സത്യം സംസ്ഥാനസർക്കാർ മനസ്സിലാക്കണം. കൃഷിഭൂമിയിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ കർഷകന്റെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ടും കർഷകനെ സംരക്ഷിക്കുന്ന നയങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നുള്ളതു ദുഃഖകരമാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ മൂലമുള്ള ജീവഹാനി സമീപകാലത്തു വളരെയേറെ വർദ്ധിച്ചിരിക്കുന്നത് കർഷകരെ ആശങ്കയിലാഴ്ത്തുന്നുണ്ട്.

കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച കർഷകകുടുംബങ്ങളെ കടക്കെണിയിലും മുഴുപ്പട്ടിണിയിലുമാക്കിയിരിക്കുന്നു എന്ന സത്യം സർക്കാർ തിരിച്ചറിയണം. കാർഷികോല്പന്നങ്ങൾക്കു ന്യായമായ താങ്ങുവില പ്രഖ്യാപിക്കും എന്ന വാഗ്ദാനം തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ മാത്രമായി ഒതുങ്ങിപോകുന്നില്ല എന്നു സർക്കാർ ഉറപ്പുവരുത്തണം. ഏറ്റെടുത്ത നെല്ലിന്റെ വിലകിട്ടാനായി സമരമുഖത്തായിരിക്കുന്ന നെൽകർഷകരുടെ പ്രശ്നങ്ങളിൽ സത്വരമായി ഇടപെടണമെന്നു സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതിജീവനം അസാധ്യമെന്ന തിരിച്ചറിവിൽ യുവജനങ്ങളിൽ നല്ലൊരു പങ്കു നാടുവിട്ടുപോകാനിടയാകുന്ന സാഹചര്യം ഒരു സർക്കാരിനും ഭൂഷണമല്ലെന്നു മനസിലാക്കണം.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദി പറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ജൂൺ മാസം 16-ാം തീയതി നൽകപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

N.B.: 2023 ജൂൺ 25-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുന്നതിനായി നൽകപ്പെട്ടത്.

---

## കച്ചേരിക്കാര്യം

## അഭിനന്ദനങ്ങൾ



ബങ്കലൂരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ലോ-യിൽനിന്നും മാസ്റ്റർ ഓഫ് ലോ-യിൽ (LLM in Constitutional and Administrative Law) ഒന്നാം റാങ്ക് കരസ്ഥമാക്കിയ **ബ. ജിപ്സൺ ഇടപ്പുളവൻ അച്ചന്** അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും!!!

# Transfers/Appointments

Rev. Fathers

## May 2023

| | |
|---|---|
| Chathanatt Shibu SMP | Asst. Vicar, Koratty |
| Edassery Mathew | Resident Priest, Kuzhuppilly |
| Kadalikkattil Paul (Disto) | Residence: Thrikkakara - Bharata Mata College |
| Vattoly Joseph | Resident Priest, Karukutty |

## June 2023

| | |
|---|---|
| Kannampilly Varghese (Baiju) | Pune (Study) |
| Kottukappilly Jain OFM Conv. | Relieved - Asst. Vicar, Ezhupunna |
| Madappadan Varghese (Geo) | Relieved - Vicar, T.V.Puram |
| Mangalath Mathew | St. Paul's Priest Home, Edakkunnu |
| Mannukulath Mathew (Idukki) | Relieved - Palluruthy (Residence) |
| Palakudiyil Pradosh RCJ | Asst. Vicar, Ezhupunna |
| Penengatt Fernando OFM Cap. | Chaplain, FCConvent, Pattanakkad |
| Punnackal Niclavose CSsR | Vicar, Thrineyamkudom (T.V.Puram) |
| Thottiyil Varghese (Lal) | Pro. Vicar, Njaralloor |
| Vattakkunnel James (Idukki) | Palluruthy (Residence) |

## July 2023

| | |
|---|---|
| Kozhikkadan Joseph | Priest-in-charge, Yordhanapuram |
| Parackal Antony (Subin) | Medical Leave (Resi.: Niveditha) |

**Chancellor**

# ദേവാലയ ശുശ്രൂഷികളുടെ വാർഷിക ധ്യാനം - 2023

നമ്മുടെ അതിരൂപതയിലെ ദേവാലയ ശുശ്രൂഷികൾക്കുള്ള ഈ വർഷത്തെ ധ്യാനം **2023 ജൂലൈ 10 മുതൽ 14 വരെ** രണ്ടു ബാച്ചുകളിലായി കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. 12-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ എല്ലാ ദേവാലയ ശുശ്രൂഷികളും ഒരുമിച്ചുള്ള സംഗമവും നടത്തപ്പെടുന്നു.

ആദ്യബാച്ച്: ജൂലൈ 10 തിങ്കൾ രാവിലെ 10.00 മുതൽ 12 ബുധൻ ഉച്ചയ്ക്ക് 1.00 വരെ

ഫൊറോനകൾ: കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, വല്ലം, ഇടപ്പള്ളി, ചേർത്തല, തൃപ്പൂണിത്തുറ, പള്ളിപ്പുറം

രണ്ടാം ബാച്ച്: ജൂലൈ 12 ബുധൻ രാവിലെ 10.00 മുതൽ 14 വെള്ളി ഉച്ചയ്ക്ക് 1.00 വരെ

ഫൊറോനകൾ: മൂക്കന്നൂർ, അങ്കമാലി, മഞ്ഞപ്ര, കാഞ്ഞൂർ, കിഴക്കമ്പലം, പറവൂർ, എറണാകുളം, വൈക്കം,

ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ദേവാലയ ശുശ്രൂഷികളെ അറിയിക്കുകയും അവരെ ധ്യാനത്തിനായി പറഞ്ഞയയ്ക്കുകയും ചെയ്യുമല്ലോ.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ, റിന്യൂവൽ സെന്റർ**



# നിര്യാതരായി



## ഫാ. ജോസഫ് പുത്തൻകുടി

**ജനനം: 14-06-1935**
**തിരുപ്പട്ടം: 11-03-1966**
**മരണം: 06-06-2023**

ബഹുമാനപ്പെട്ട ജോസഫ് പുത്തൻകുടി അച്ചൻ 1935 ജൂൺ 14-ാം തീയതി ഐമുറി ഇടവകയിലെ പുത്തൻകുടി പൈലി-റോസക്കുട്ടി ദമ്പതികളുടെ നാല് മക്കളിൽ ഒരാളായി ജനിച്ചു. മേരി, ദേവസി, തൊമ്മി എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1956-ൽ എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന്, ആലുവ-മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽനിന്നും വൈദികപരിശീലനം പൂർത്തിയാക്കി 1966 മാർച്ച് 11-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായും കോളങ്ങായ്, ഐമുറി, ഏഴിക്കര, കൈതാരം, പാലൂത്തറ, ആലങ്ങാട് കുന്നേൽ, വല്ലകം, ശ്രീമൂലനഗരം, സൗത്ത് പറവൂർ, എടക്കുന്ന്, വള്ളുവള്ളി, ആമ്പല്ലൂർ, പെരുമ്പാവൂർ, കിടങ്ങൂർ എന്നീ ഇടവകകളിൽ വികാരിയായും കാലടി പള്ളിയിൽ റെസിഡന്റ് പ്രീസ്റ്റ്, ഇടപ്പള്ളി എം. എ.ജെ. ആശുപത്രി ചാപ്ലയിൻ എന്നീ നിലകളിലും അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. ശാന്തതയും എളിമയും പ്രാർത്ഥനയും ജോസഫ് അച്ചനെ എല്ലാവർക്കും പ്രിയപ്പെട്ടവനാക്കി. വിവിധ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും അജപാലനശുശ്രൂഷകൾക്കു ശേഷം എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ബഹുമാനപ്പെട്ട ജോസഫ് അച്ചൻ വാർധക്യസഹജമായ അസുഖങ്ങളാൽ തന്റെ 88-ാം വയസ്സിൽ, 2023 ജൂൺ 6-ാം തീയതി, ചൊവ്വാഴ്ച, നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോസഫ് പുത്തൻകുടി അച്ചന്റെ മൃതദേഹം 2023 ജൂൺ 8-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 4.00 മണി മുതൽ 5.00 മണി വരെ എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ പൊതുദർശനത്തിനു വച്ചു. വ്യാഴാഴ്ച വൈകിട്ട് 6.00 മുതൽ പിറ്റേന്ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.00 മണി വരെ ഐമുറിയിലെ സ്വഭവനത്തിലും, തുടർന്ന് ഐമുറി സേക്രഡ് ഹാർട്ട് പള്ളിയിലും പൊതുദർശനത്തിനു വച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിച്ചു.

വല്ലം ഫൊറോന പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട പോൾ മാടശ്ശേരി അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട മോൺ. വർഗീസ് പൊട്ടക്കൽ, തൃപ്പൂണിത്തുറ ഫൊറോനാ പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ഫാ. തോമസ് പെരുമായൻ, ജോസഫ് അച്ചന്റെ ബാച്ചുകാരനായ ഫാ. ജോസ് തച്ചിൽ, ബന്ധുക്കളായ ഫാ. ജോഫി തോട്ടങ്കര, ഫാ. പീറ്റർ ആലക്കാടൻ, ഇടവകക്കാരനായ ഫാ. ജോൺസൺ ഇലവുംകുടി എന്നിവർ മദ്ബഹയിൽ സഹകാർമ്മികരായി.

പെരിയ ബഹുമാനപ്പെട്ട വർഗീസ് പൊട്ടക്കൽ അച്ചൻ ആമുഖസന്ദേശം നൽകി. തൃപ്പൂണിത്തുറ ഫൊറോനാ പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട തോമസ് പെരുമായൻ അച്ചനാണ് വിശുദ്ധ കുർബാനമദ്ധ്യേ വചനം സന്ദേശം നൽകിയത്. 88 വർഷക്കാലം ദൈവംതന്ന എല്ലാ സാധ്യതകളും, കഴിവുകളും തന്റെ ശുശ്രൂഷാമേഖലയിൽ ദൈവത്തിന് ഇഷ്ടപ്പെട്ട രീതിയിൽ ഉപയോഗിച്ച വ്യക്തിത്വമാണ് ജോസഫ് അച്ചന്റേത്. വൈദിക സമൂഹത്തിനും, ദൈവജനത്തിനും അച്ചൻ പ്രിയപ്പെട്ടവനായിരുന്നു. ലാളിത്യവും, വിനയവും മുഖമുദ്രയാക്കിയ സ്നേഹം നിറഞ്ഞ അജപാലകനായിരുന്നു അദ്ദേഹം. താൻ രോഗിയായി കിടന്നപ്പോഴും തന്റെ രോഗശയ്യയെ ബലിപീഠമാക്കി ജോസഫ് അച്ചൻ മാറ്റി. എപ്പോഴും മുഖത്ത് പുഞ്ചിരി സൂക്ഷിച്ചിരുന്ന അച്ചൻ പൗരോഹിത്യത്തിന്റെ മഹനീയ മാതൃകയാണ് പകർന്നു നൽകിയത്.

തന്റെ ജീവിതത്തിൽ മൂന്ന് ഭാഗ്യങ്ങൾ കിട്ടതിയതായി ജോസഫ് അച്ചൻ പറയാറുണ്ടായിരുന്നു. “സ്വന്തം ഇടവകയായ ഐമുറിയിൽ വികാരിയായി സേവനം ചെയ്തതും, പൗരോഹിത്യത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഒരേ ഇടവകയിൽ (എടക്കുന്ന്) നടത്തിയ

തും, തന്റെ വിശ്രമജീവിതത്തിന്റെ അവസാന ഒൻപത് വർഷങ്ങൾ തന്റെ രോഗാവസ്ഥയിൽ ശുശ്രൂഷിക്കാനായി ജോയ് എന്ന മാലാഖയെ പ്പോലെയുള്ള ചെറുപ്പക്കാരനെ ലഭിച്ചതും."

വലിയ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു ജോസഫ് അച്ചൻ. ആഴ മായ ആദ്ധ്യാത്മികത അദ്ദേഹത്തിന് സ്വന്തമായിരുന്നു. ജപമാല ചൊല്ലി വിശുദ്ധ കുർബാനയ്ക്ക് ഒരുങ്ങുകയും, തീക്ഷ്ണതയോടുകൂടി വിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തിരുന്നു.

സേവനം ചെയ്ത എല്ലാ ഇടവകകളിലും എല്ലാവരേയും ചേർത്തു നിർത്താൻ അച്ചൻ പരിശ്രമിച്ചു. ഇടവകയിൽ ചെയ്യുന്ന കാര്യ ങ്ങൾക്കൊക്കെ കൃത്യതയും, വ്യക്തതയും, സുതാര്യതയയും ഉണ്ടാ യിരുന്നു. വീട് സന്ദർശനം അച്ചന്റെ പതിവായിരുന്നു. രോഗികളേയും, സാമ്പത്തിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കുടുംബങ്ങളെയും അച്ചൻ പ്രത്യേകം പരിഗണിച്ചു. ഒരു കുടുംബമായി ഇടവകസമൂഹത്തെ കൊണ്ടുപോകാൻ ജോസഫ് അച്ചനു സാധിച്ചു.

സന്തോഷത്തോടും പ്രസന്നതയോടും വിശ്രമജീവിതം നയിക്കുകയാ യിരുന്നു ജോസഫ് അച്ചൻ. വളരെ ഒരുക്കത്തോടുകൂടി മരണത്തെ പുല്കിയ അച്ചന്റെ ജീവിതം എല്ലാവർക്കും വായിക്കുവാൻ കഴിയുന്ന ഒരു തുറന്ന പുസ്തകമാണ്.

മൃതദേഹസംസ്ക്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് മേജർ ആർച്ചു ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മുഖ്യകാർമ്മി കത്വം വഹിച്ചു. അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, മാർ തോമസ് ചക്യത്ത് പിതാവ് എന്നിവർ സഹകാർമ്മികരായിരുന്നു. ലളിതജീവി തവും, അജപാലനസമർപ്പണവും കൈമുതലാക്കി അനേകർക്ക് വിശു ദ്ധീകരണത്തിന്റെ മാർഗം കാണിച്ചുകൊടുത്ത ജോസഫ് അച്ചനോട് വ്യക്തിപരമായ ബന്ധം തനിക്കുണ്ടായിരുന്നുവെന്ന് കർദിനാൾ പിതാവ് പറഞ്ഞു. തന്റെ അടുത്തുവന്നിരുന്ന എല്ലാവരേയും സ്നേഹത്തോടും, സന്തോഷത്തോടും കൂടി സ്വീകരിച്ചിരുന്ന അച്ചൻ തന്നെ കാത്തിരി ക്കുന്ന സ്വർഗീയജീവിതത്തെക്കുറിച്ച് സംസാരിച്ചിരുന്നതും കർദിനാൾ പിതാവ് ഓർമ്മിച്ചു. സെമിത്തേരിയിലെ കർമ്മങ്ങൾക്ക് അഭിവന്ദ്യ ആൻഡ്രൂസ് പിതാവാണ് മുഖ്യകാർമ്മികത്വം വഹിച്ചത്.

57 വർഷം ഈശോയുടെ പൗരോഹിത്യശുശ്രൂഷ വിശ്വസ്തതയോടെ നിർവ്വഹിച്ച്, കർത്താവിന്റെ സന്നിധിയിൽ നിത്യസമ്മാനത്തിനായി കടന്നുപോയ ജോസഫ് അച്ചൻ അജപാലനശുശ്രൂഷയുടെ സന്തോഷവും, വിശുദ്ധിയും വിളിച്ചറിയിച്ച ആത്മീയ ആചാര്യനായിരുന്നു. ബഹുമാനപ്പെട്ട ജോസഫ് പുത്തൻകുടി അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!!!

■



## ഫാ. ജോർജ് പയ്യപ്പിള്ളി

**ജനനം: 02-06-1936**
**തിരുപ്പട്ടം: 09-03-1961**
**മരണം: 21-06-2023**

ബഹുമാനപ്പെട്ട ജോർജ് പയ്യപ്പിള്ളി അച്ചൻ 1936 ജൂൺ 02-ാം തീയതി അകപ്പറമ്പ് പയ്യപ്പിള്ളികൊളുവൻ ദേവസി-തെക്ലായ ദമ്പതികളുടെ ഏഴ് മക്കളിൽ ഒരാളായി ജനിച്ചു. പോൾ, ജോസ്, ലില്ലി, മേരി, ടോം (തോമസ്), സെലിൻ എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1952-ൽ എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, ആലുവ-മംഗലപ്പുഴ സെമിനാരിയിൽ വൈദികപരിശീലനം നടത്തുകയും ചെയ്തു. 1961 മാർച്ച് 9-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

മുട്ടം (ചേർത്തല) ഫൊറോനാ പള്ളിയിൽ സഹവികാരിയായും പാലൂത്തറ, കൊങ്ങോർപ്പിള്ളി, വള്ളുവള്ളി, കോളങ്ങായി, പുഷ്പഗിരി, കുന്നുംപുറം, വെസ്റ്റ് കൊരട്ടി, പുല്ലുവഴി, മറ്റൂർ, ചെമ്പ്, മൂക്കന്നൂർ, കാലടി, എളവൂർ ആന്റണീസ്, പള്ളുരുത്തി, ശ്രീമൂലനഗരം, തിരുമുടിക്കുന്ന്, മേക്കാട് എന്നീ ഇടവകകളിൽ വികാരിയായും കുഴുപ്പിള്ളി പള്ളി റെസിഡന്റ് പ്രീസ്റ്റ് എന്ന നിലയിലും ജോർജ് അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. വിവിധ ഇടവകകളിലെ അജപാലന ശുശ്രൂഷകൾക്കുശേഷം എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. വാർധക്യസഹജമായ അസുഖങ്ങളാൽ തന്റെ 87-ാം വയസ്സിൽ, 2023 ജൂൺ 21-ാം തീയതി ബഹുമാനപ്പെട്ട ജോർജ് അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോർജ് അച്ചന്റെ മൃതദേഹം 2023 ജൂൺ 24-ാം തീയതി ശനിയാഴ്ച രാവിലെ 7.00 മണി മുതൽ 7.30 വരെ എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ പൊതുദർശനത്തിനു വച്ചു. രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ കവരപ്പറമ്പിലെ സ്വഭവനത്തിലും, തുടർന്ന് അകപ്പറമ്പ് സെന്റ്സ് ഗർവ്വാസീസ് & പ്രൊത്താസീസ് പള്ളിയിലും പൊതുദർശനത്തിനുവച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാരശുശ്രൂഷകളുടെ മൂന്നാം ഭാഗം ആരംഭിച്ചു.

അങ്കമാലി സെന്റ് ജോർജ് ബസിലിക്ക വികാരി പെരിയ ബഹുമാനപ്പെട്ട ജിമ്മി പൂച്ചക്കാട്ട് അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. അതിരൂപതാ സിഞ്ചെല്ലൂസ് മോൺസിഞ്ഞോർ ആന്റണി പെരുമായൻ, ഫാ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി, ജോർജ് അച്ചന്റെ ബന്ധുക്കളായ ബഹുമാനപ്പെട്ട ഫാ. ജോസ് വേങ്ങൂരാൻ, ഫാ. സെബാസ്റ്റ്യൻ തളിയൻ എന്നിവരാണ് മദ്ബഹയിൽ സഹകാർമ്മികരായത്.

മോൺസിഞ്ഞോർ ആന്റണി പെരുമായൻ അച്ചൻ ആമുഖസന്ദേശം നൽകി. ബഹുമാനപ്പെട്ട ഇഗ്നേഷ്യസ് പയ്യപ്പിള്ളി അച്ചനാണ് വിശുദ്ധ കുർബാനമദ്ധ്യേ വചനസന്ദേശം നൽകിയത്. 62 വർഷക്കാലം പൗരോഹിത്യം ജീവിച്ച ജോർജ് അച്ചൻ, ദൈവം തനിക്കുതന്ന താലന്തുകളെ വിശ്വസ്തതയോടെ വിനിയോഗിച്ച വ്യക്തിയാണ്. തന്റെ പൗരോഹിത്യശുശ്രൂഷിൽ എപ്പോഴും സന്തോഷവും, സംതൃപ്തിയും അച്ചൻ കണ്ടെത്തി. പതിനേഴോളം പള്ളികളിൽ വികാരിയായി സേവനം ചെയ്ത ജോർജ് അച്ചൻ ഒരു തികഞ്ഞ അജപാലകനായിരുന്നു. തന്റെ ഇടയശുശ്രൂഷയിൽ മറ്റുള്ളവർക്ക് സംലഭ്യതയും, ബഹുമാനവും നൽകാൻ സദാ ഒരുക്കമായിരുന്നു. ജോർജ് അച്ചന്റെ 'ചേട്ടാ', 'പെങ്ങളേ' എന്ന വിളികളിൽ ഇവ പ്രകടവുമായിരുന്നു.

ഇടവകയിലെ ഓരോ പ്രവർത്തനത്തിലും കൃത്യതയും, വ്യക്തതയും അച്ചനുണ്ടായിരുന്നു. തന്റെ മരണംവരെ ഈ കൃത്യത കാത്തുസൂക്ഷിക്കാൻ അച്ചനു സാധിച്ചു. തൃക്കാക്കര എൻ.ജി.ഒ. ക്വാർട്ടേഴ്സ് പള്ളി പണിയിക്കാൻ സാധിച്ചത് മധുരിക്കുന്ന ഓർമ്മയായി ജോർജ് അച്ചൻ കൊണ്ടുനടന്നു. അധികാരികളോട് വിധേയത്വവും, ആത്മീയകാര്യങ്ങളിലെ ശ്രദ്ധയും അച്ചനെ വ്യതിരിക്തനാക്കി.

വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ ഇടവകയായ പുല്ലുവഴി സെന്റ് തോമസ് പള്ളിയിലും അച്ചൻ വികാരിയായിരുന്നു. ആ ഇടവകയുടെ എല്ലാവിധത്തിലുള്ള ഉന്നമനത്തിനും ജോർജ് അച്ചൻ വഹിച്ച പങ്ക് നിസ്തുലമാണ്.

തന്റെ കുടുംബാംഗങ്ങളുമായി സുദൃഢമായ ബന്ധം അച്ചൻ പുലർത്തിയിരുന്നു. പൗരോഹിത്യത്തിന്റെ സന്തോഷം എപ്പോഴും പങ്കുവച്ചിരുന്ന ജോർജ് അച്ചൻ നിത്യസമ്മാനത്തിനായി പോകുമ്പോൾ, ദൈവസന്നിധിയിൽ അദ്ദേഹത്തിന് കൊടുക്കുവാനുള്ള കണക്ക് ഒരു നല്ല അജപാലകന്റേതാണ്.

മൃതദേഹസംസ്ക്കാരശുശ്രൂഷയുടെ അവസാനഭാഗത്ത് അഭിവന്ദ്യ മാർ തോമസ് ചക്യത്ത് പിതാവാണ് മുഖ്യകാർമ്മികത്വം വഹിച്ചത്. ദൈവം തന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിറവേറ്റിയാണ് ജോർജ് അച്ചൻ കടന്നുപോകുന്നത്. സേവനം ചെയ്ത ഇടവകകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിക്കാൻ അച്ചനു സാധിച്ചു. ദൈവേഷ്ടം തിരിച്ചറിയാനും, അത് പ്രാവർത്തികമാക്കാനും ശ്രമിച്ചു. കർത്താവിന്റെ വിളിക്കനുസരിച്ച് അജപാലനം നടത്തിയ, ദൈവമഹത്വം എല്ലാ കാര്യങ്ങളിലും അന്വേഷിച്ച്, അത് പ്രാവർത്തികമാക്കാൻ യത്നിച്ച ബഹുമാനപ്പെട്ട ജോർജ് പയ്യപ്പിള്ളിയച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!!!

■



**സി. എവുപ്രാസിന SABS**

അഡോറേഷൻ കോൺവെന്റ്, ഇടപ്പള്ളി

ജനനം : 30-04-1939

വ്രതവാഗ്ദാനം : 26-09-1961

മരണം : 24-06-2023



**സി. ഓറിയ CMC**

(മേരി കോട്ടയ്ക്കൽ (പട്ടരുമഠം), മേയ്ക്കാട്)

സി.എം.സി. ലൂർദ്മാതാ കോൺവെന്റ്, കരിയാട്

ജനനം : 07-02-1941

വ്രതവാഗ്ദാനം : 04-04-1967

മരണം : 16-05-2023

# വാർത്തകളും വിശേഷങ്ങളും

## വാഴ്ത്തപ്പെട്ട മദർ എലിസ



ലെവുക്ക സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന ഡോട്ടേഴ്സ് ഓഫ് സെന്റ് മേരി ഓഫ് ലെവുക്ക എന്ന സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകയായ മദർ എലിസ മർത്തീനെസിനെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. തെക്കുകിഴക്കൻ ഇറ്റലിയിലെ മരിയൻ തീർത്ഥാടനകേന്ദ്രമായ സാന്ത മരിയ ദെ ലെവുക്കയിലെ ഒരു ബസിലിക്കയായ സാന്ത മരിയ ദെ ഫിനിബുസ് തേറെയിലായിരുന്നു പ്രഖ്യാപനം. വിശുദ്ധരുടെ നാമകരണങ്ങൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അദ്ധ്യക്ഷൻ കാർഡിനൽ മർചെല്ലോ സെമെറാറോ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികനായി.

തെക്കൻ ഇറ്റലിയിലെ ഗലത്തീനയിൽ 1905 മാർച്ച് 25-നു ജനിച്ച മദർ എലിസ, 1991 ഫെബ്രുവരി 8-ന് നിര്യാതയായി. 1928-ൽ ഒരു സന്യാസിനീസഭയിൽ ചേർന്നു സഭാവസ്ത്രം സ്വീകരിച്ചുവെങ്കിലും അനാരോഗ്യത്തെ തുടർന്നു വീട്ടിലേക്കു മടങ്ങിപ്പോരേണ്ടി വന്നയാളാണ് മദർ എലിസ. വീട്ടിലെത്തിയിട്ടും ആലംബഹീനരായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സേവനം തുടർന്നു. ഇതിൽ ആകൃഷ്ടരായി കൂടെ ചേർന്ന യുവതികളുടെ കൂട്ടമാണ് പിന്നീട് ഒരു ഭക്തസംഘടനയായും തുടർന്ന്, ഡോട്ടേഴ്സ് ഓഫ് സെന്റ് മേരി ഓഫ് ലെവുക്ക സന്യാസിനീസമൂഹമായും വർഷങ്ങൾകൊണ്ടു രൂപപ്പെട്ടത്.

## മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾക്ക് പിന്തുണ: സി.ബി.സി.ഐ. ലെയ്റ്റി കൗൺസിൽ

അക്രമങ്ങൾ അവസാനിപ്പിച്ച് മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കാൻ സർക്കാരുകളും സമൂഹവും തയ്യാറാകണമെന്ന് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ ആഹ്വാനം ചെയ്തു. അക്രമങ്ങൾ ജനങ്ങളുടെ മനസ്സിൽ മായാത്ത മുറിവുകൾ സൃഷ്ടിക്കും. സംഘട്ടനങ്ങൾമൂലം ജീവഹാനി സംഭവിച്ചവരുടെ

എണ്ണം സംസ്ഥാനത്ത് ഉയരുന്നതും നിരപരാധികളായ ജനങ്ങളുടെ ജീവിതം സ്തംഭിച്ചിരിക്കുന്നതും വേദനാജനകവും പരിഹരിക്കപ്പെടേണ്ട തുമാണ്. ടെലഫോൺ, ഇന്റർനെറ്റ്, ഗതാഗതം എന്നിവ നിരോധിച്ചതു മൂലം പ്രശ്നബാധിത പ്രദേശങ്ങളിലെ യഥാർത്ഥ സ്ഥിതിഗതികൾ പുറംലോകത്തിന് അറിയാൻ കഴിയാതായിരിക്കുന്നു. മണിപ്പൂരിലെ സമാധാനത്തിനും ഐക്യത്തിനും ജനജീവിതം പൂർവ്വസ്ഥിതിയിലെ ത്തുന്നതിനുമായി രാജ്യത്തുടനീളം ക്രൈസ്തവ അല്മായ പ്രസ്ഥാന ങ്ങളും വിശ്വാസിസമൂഹവും പ്രത്യേക പ്രാർത്ഥനകൾ നടത്തണമെന്ന് ലെയ്റ്റി കൗൺസിൽ ആഹ്വാനം ചെയ്തു. മണിപ്പൂർ ജനസംഖ്യയുടെ 42 ശതമാനം ക്രൈസ്തവരാണ്. സി.ബി.സി.ഐ. നോർത്ത് ഈസ്റ്റ് റീജിയണിന്റെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ സമാധാന ശ്രമങ്ങൾ ക്കും ലെയ്റ്റി കൗൺസിൽ പിന്തുണ നൽകുന്നുവെന്ന് അറിയിച്ചു.

## ലഹരി വിരുദ്ധ മാരത്തൺ 'ഗെറ്റ് സെറ്റ് ഗോ'

എറണാകുളം-അങ്കമാലി മേജർ അതിരൂപത കെ.സി.വൈ.എം. - ന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സന്ദേശത്തിന്റേയും ബോധവത്ക്കര ണത്തിന്റേയും ഭാഗമായി 'ലഹരി വിരുദ്ധ മാരത്തൺ ഗെറ്റ് സെറ്റ് ഗോ 2023' സംഘടിപ്പിച്ചു. 'ലഹരി ജീവിതമാക്കാതെ ജീവിതം ഒരു ലഹരി യാക്കാം' എന്ന ലക്ഷ്യത്തോടുകൂടി കേരള എക്സൈസ് ഡിപ്പാർട്ടു മെന്റിന്റെ ലഹരി വർജ്ജന 'വിമുക്തി മിഷനു'മായി സഹകരിച്ചാണ് ഈ മാരത്തൺ സംഘടിപ്പിച്ചത്. 2023 ജൂൺ 23-ന് രാവിലെ 6.00 മണിക്ക് കൊച്ചി ക്യൂൻസ് വേ - യിൽ സംഘടിപ്പിച്ച മാരത്തണിൽ 275 മത്സരാർത്ഥികൾ പങ്കെടുത്തു. പത്ത് കിലോമീറ്റർ, അഞ്ച് കിലോമീറ്റർ എന്നീ തലങ്ങളിലെ മാരത്തണിൽ പുരുഷൻമാർക്കും സ്ത്രീകൾക്കും വ്യത്യസ്തമായിട്ടാണ് മത്സരങ്ങൾ നടന്നത്. കൊച്ചി എക്സൈസ് വിമുക്തി ഇൻ ചാർജ് സർക്കിൾ ഇൻസ്പെക്ടർ പ്രിൻസ് ബാബു മാരത്തൺ ഫ്ളാഗ് ഓഫ് ചെയ്തു. വിജയികൾക്ക് പുരസ്കാരങ്ങളും, മത്സരം പൂർത്തീകരിച്ചവർക്ക് സർട്ടിഫിക്കറ്റ്, മെഡൽ എന്നിവയും വിതരണം ചെയ്തു. എറണാകുളം എം.എൽ.എ. ടി.ജെ. വിനോദ്, എറണാകുളം-അങ്കമാലി മേജർ അതിരൂപതാ വികാരി ജനറാൾ മോൺ. വർഗീസ് പൊട്ടയ്ക്കൽ, കൊച്ചി കോർപ്പറേഷൻ കൗൺസിലർ മിനി ദിലീപ്, ചലചിത്ര പ്രവർത്തകൻ ജൂഡ് ആന്തണി ജോസഫ് എന്നിവർ പുരസ്കാരങ്ങൾ നൽകി.

## എറണാകുളം-അങ്കമാലി അതിരൂപത

# ബൈബിൾ കലോത്സവം 2023

### 2023 നവംബർ 11, 12 (ശനി, ഞായർ) തീയതികളിൽ
### സ്ഥലം: സെൻ്റ് ജോർജ് ഫൊറോനാ പള്ളി, ഇടപ്പള്ളി

## I. പൊതുനിബന്ധനകൾ

➢ **1.** എല്ലാ മത്സര ഇനങ്ങളും ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കണം. ബൈബിൾ ആഭിമുഖ്യമുള്ളതുകൊണ്ടോ ബൈബിൾ ഉദ്ധരണികൾ ചേർത്തതുകൊണ്ടോ മതിയാവുകയില്ല. ബൈബിളിലെ ഏതുഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. രചനയിലും അവതരണത്തിലും ആനുകാലിക ആവിഷ്കരണം അനുവദനീയമാണ്. പി.ഒ.സി. ബൈബിൾ ആയിരിക്കും മത്സരങ്ങളുടെ അടിസ്ഥാനം.

➢ **2. 2009 ജനുവരി 1-ാം തീയതിയോ അതിനുശേഷമോ ജനിച്ചവരാണ് ജൂനിയേഴ്സ്. 1999 ജനുവരി 1 മുതൽ 2008 ഡിസംബർ 31 വരെ (31 ഉൾപ്പെടെ) ജനിച്ചവർ സീനിയേഴ്സ്.** ജൂനിയേഴ്സിന് സീനിയർ വിഭാഗത്തിലോ, സീനിയേഴ്സിന് ജൂനിയർ വിഭാഗത്തിലോ മത്സരിക്കാൻ അനുവാദമില്ല. ചിത്രരചനാമത്സരങ്ങൾക്ക് പ്രായനിബന്ധനകളില്ല.

➢ **3.** അതിരൂപതാ മത്സരങ്ങൾ 2023 നവംബർ 11, 12 തീയതികളിൽ ഇടപ്പള്ളി സെൻ്റ് ജോർജ് ഫൊറോനാ പള്ളിയിൽ നടത്തപ്പെടുന്നു. **2023 ഒക്ടോബർ 20-ാം** തീയതിക്കുമുമ്പ് ഫൊറോനാതല മത്സരങ്ങൾ നടത്തി അതിരൂപതാ മത്സരത്തിനുള്ളവരുടെ പേരുകൾ www.ekmbibleapostolate.com എന്ന വെബ്സൈറ്റിൽ **BIBLE KALOLSAVAM 2023**-ൽ ലോഗിൻ ചെയ്തു രജിസ്റ്റർ ചെയ്യുക. **2023 ഒക്ടോബർ 20-നുശേഷം വരുന്ന എൻട്രികൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

➢ **4. അവതരണ മത്സരങ്ങൾക്കുള്ള രചനകൾ അംഗീകാരത്തിനായി 2023 ഒക്ടോബർ 20-ാം തീയതിക്കുമുമ്പ്** അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് കേന്ദ്രത്തിൽ ഫൊറോനാ ബൈബിൾകലോത്സവ ഡയറക്ടറുടെ ഒപ്പു സഹിതം ഏല്പിച്ചിരിക്കേണ്ടതാണ്. ഒന്നിലധികം ഇനങ്ങൾക്ക് ഒരേ രചനയാണ് ഉപ

യോഗിക്കുന്നതെങ്കിൽ അവതരണ ഇനങ്ങൾക്കനുസരിച്ച് രചന കളുടെ കോപ്പികളും അയയ്ക്കേണ്ടതാണ്. ഏതെങ്കിലും രചന അവതരണ യോഗ്യമല്ലെന്നു ജൂറി തീരുമാനിക്കുന്ന പക്ഷം ആ വിവരം 2023 നവംബർ 1-ാം തീയതിക്കുമുമ്പ് ബന്ധപ്പെട്ടവരെ അറി യിക്കുന്നതാണ്. ഒരിക്കൽ ഒരു രചന അംഗീകരിച്ചു കഴിഞ്ഞാൽ അതിനു പകരമായി മറ്റൊന്നു സ്വീകരിക്കുന്നതല്ല. അംഗീകാരം ലഭിച്ചിട്ടില്ലാത്ത രചനകൾ അവതരിപ്പിക്കാൻ അനുവദിക്കുന്നതല്ല.

➢ **5.** അവതരണ മത്സരങ്ങളിലും ചിത്രരചനാ മത്സരത്തിലും പങ്കെ ടുക്കുന്നവർ ഇടവക വികാരി ഒപ്പിട്ടതും ഇടവകയുടെ മുദ്രയോ ടുകൂടിയതും ഫോട്ടോ പതിപ്പിച്ചതുമായ ജനനസർട്ടിഫിക്കറ്റ് മത്സരസമയത്ത് കൈവശം കരുതേണ്ടതാണ്. ഇടവകയുടെ ലെറ്റർ പാഡിൽ വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ഇടവക യുടെ സീൽ ഫോട്ടോയ്ക്കുമേൽ പതിപ്പിച്ചിട്ടുള്ളതുമായിരിക്കണം പിന്നണിക്കാരുടെ തിരിച്ചറിയൽ കത്ത്. അവരുടെ identity -യെ ക്കുറിച്ച് പരാതി ലഭിച്ചാൽ തിരിച്ചറിയൽ കത്ത് കൈവശം ഇല്ലാത്ത പിന്നണിക്കാരുൾപ്പെടുന്ന ടീമിനെ അയോഗ്യരാക്കി പ്രഖ്യാപിക്കു ന്നതാണ്.

➢ **6.** അവതരണ സമയത്ത് എന്തെങ്കിലും സാങ്കേതിക തടസം ഉണ്ടായതായി (ടേപ്പ് റെക്കോർഡർ/ സി. ഡി. പ്ലെയർ കേടാകുക, കറന്റ് ഇല്ലാതാകുക etc.) ജൂറിക്ക് ബോധ്യപ്പെട്ടാൽ ടീം മാനേജർ ആവശ്യപ്പെടുന്നതനുസരിച്ച് ആ ഇനം പുനരവതരിപ്പിക്കാൻ അവസരം നൽകുന്നതാണ്.

➢ **7.** ഏകാങ്ക നാടകം, തെരുവു നാടകം എന്നിവയ്ക്ക് പങ്കെടുക്കു ന്നവരുടെ എണ്ണത്തിന് പരിധി വച്ചിട്ടില്ല. രംഗത്തും പിന്നണിയിലും ഉള്ളവർ കത്തോലിക്കർ ആയിരിക്കണം. തെരുവുനാടകത്തിന് വാദ്യങ്ങൾ ഉപയോഗിക്കുന്നവർ കത്തോലിക്കരായിരിക്കണം.

➢ **8.** മത്സരങ്ങളെ സംബന്ധിച്ച് തർക്കമുണ്ടായാൽ ജൂറി ഓഫ് അപ്പീലിന്റെ തീരുമാനം അന്തിമമായിരിക്കും

➢ **9.** **അവതരണങ്ങളുടെ ക്രമം**: അതിരൂപതാതല ബൈബിൾ കലോത്സവത്തിൽ മത്സര ഇനങ്ങളുടെ അവതരണക്രമം **2023 നവംബർ 4-ാം തീയതി 3.00 മണിക്ക്** റിന്യൂവൽ സെന്ററിൽ വച്ച് നറുക്കെടുപ്പു നടത്തി നിശ്ചയിക്കുന്നതാണ്. ഫൊറോനാ ഡയറ ക്ടറോ അദ്ദേഹത്തിന്റെ പ്രതിനിധിയായി ടീം മാനേജരോ നറു

ക്കെടുപ്പിൽ പങ്കെടുക്കേണ്ടതാണ്. അവതരണ മത്സരങ്ങളിൽ പ്രസംഗം, ബൈബിൾ ക്വിസ് ഒഴികെയുള്ള മത്സരങ്ങളിൽ പങ്കെടുക്കേണ്ടവർ നിശ്ചിത ക്രമമനുസരിച്ച് വേദിയിൽ ഹാജരായില്ലെങ്കിൽ മൂന്ന് കാൾ വിളിച്ച് ക്യാൻസൽ ചെയ്യുന്നതിനുപകരം ഏറ്റവും അവസാനം അവർക്ക് അവസരം നൽകുന്നതായിരിക്കും. എന്നാൽ, അങ്ങനെയുള്ളവർക്ക് ജഡ്ജസ് നൽകുന്ന മാർക്കിന്റെ 20 ശതമാനം കുറച്ചു മാത്രമേ പരിഗണിക്കുകയുള്ളൂ. അങ്ങനെയുള്ളവർ കേന്ദ്രഓഫീസിൽനിന്ന് പ്രത്യേക അനുവാദക്കത്ത് വാങ്ങുകയും അത് നിശ്ചിതവേദിയിൽ എത്തിക്കുന്നതിന്റെ മുൻഗണനാ ക്രമമനുസരിച്ച് അവതരണം നടത്താവുന്നതുമാണ്. ഏതെങ്കിലും കാരണത്താൽ ലഭിച്ച ഓർഡറിൽ മാറ്റം വരുത്തണമെങ്കിൽ ടീം മാനേജർമാർ തമ്മിൽ ധാരണയായി രേഖാമൂലം കലോത്സവ ഓഫീസിൽ അറിയിക്കേണ്ടതാണ്. മത്സരവേളകളിൽ ആദ്യന്തം ടീം മാനേജർ മത്സരസ്ഥലത്ത് ഉണ്ടായിരിക്കണം.

- **10.** മത്സരസംബന്ധമായ പരാതികൾ മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ രേഖാമൂലം ഫൊറോനാ ഡയറക്ടറോ, ടീം മാനേജരോ ജൂറി ഓഫ് അപ്പീലിന് 500/- രൂപ ഫീസോടുകൂടി ഏല്പിക്കേണ്ടതാണ്. പരാതികൾക്കും മറ്റ് ആവശ്യങ്ങൾക്കും കേന്ദ്ര ഓഫീസുമായി ബന്ധപ്പെടേണ്ടത് ഫൊറോനാ ഡയറക്ടറോ, ടീം മാനേജരോ ആയതിനാൽ, ടീം മാനേജർ ആരെന്ന് മത്സരലിസ്റ്റ് നൽകുന്നതോടൊപ്പം അറിയിക്കേണ്ടതാണ്.

- **11.** അതിരൂപതാതലത്തിൽ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്ന അർത്ഥികളുടെ പേരുവിവരം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന എൻട്രി ഫോമിൽ തയ്യാറാക്കുന്നത് സൗകര്യപ്രദമായിരിക്കും. അതിരൂപതാ മത്സരത്തിനുള്ളവരുടെ രജിസ്ട്രേഷൻ പ്രസ്തുത വെബ്സൈറ്റിൽ (www.ekmbibleapostolate.com) നടത്തുമ്പോൾ, ഓരോ മത്സരാർത്ഥിയുടേയും പാസ്സ്പോർട്ട് സൈസ് ഫോട്ടോയും, ഇടവക വികാരി ഒപ്പിട്ടതും ഇടവകയുടെ മുദ്രയോടുകൂടിയതുമായ ജനനസർട്ടിഫിക്കറ്റും അറ്റാച്ചു ചെയ്യേണ്ടതാണ് (Scanned/ Photo). **ജനന സർട്ടിഫിക്കറ്റില്ലാത്ത ആരേയും മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.** മത്സരത്തിൽ പങ്കെടുക്കുന്നവർ പ്രസ്തുത ഇടവകയിലെ അംഗങ്ങളാണെന്ന് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ രേഖയായിക്കൂടി ജനനസർട്ടിഫിക്കറ്റിനെ പരിഗണിക്കുന്നതാണ് (മത്സരാർത്ഥികൾ ഇടവകകാംഗങ്ങളാണെന്നതിന്റെ

മാനദണ്ഡം ഇടവക പള്ളിയിലെ ആത്മസ്ഥിതി രജിസ്റ്റർ ആയിരിക്കും). ഇടവകാംഗങ്ങളല്ലാത്തവരെ മത്സരത്തിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല.

➢ **12. സംസ്ഥാനതലമത്സരങ്ങൾ 2023 ഡിസംബർ 29, 30 (വെള്ളി, ശനി) തീയതികളിൽ തേവര സേക്രഡ് ഹാർട്ട് കോളേജിൽ വച്ചാണ് നടക്കുന്നത്.** അതിരൂപതാതലത്തിൽ ഫൊറോനയിൽ നിന്നും പങ്കെടുക്കേണ്ടവരുടെ എണ്ണം നല്കിയിരിക്കുന്ന അതേ ക്രമത്തിൽ തന്നെയാണ് സംസ്ഥാനതലത്തിൽ അതിരൂപതയിൽ നിന്നും പങ്കെടുക്കേണ്ടത്. അതിരൂപതയിൽ നിന്നും മേൽപറഞ്ഞ ക്രമപ്രകാരം സംസ്ഥാനതല മത്സരങ്ങൾക്ക് യോഗ്യത നേടുന്നവർ മത്സരദിവസം **തേവര സേക്രഡ് ഹാർട്ട് കോളേജിൽ** എത്തിച്ചേരേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടിയ ടീമുകൾക്കോ വ്യക്തികൾക്കോ **തേവര സേക്രഡ് ഹാർട്ട് കോളേജിൽ** വച്ച് നടക്കുന്ന പ്രസ്തുത മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വരുകയോ താല്പര്യമില്ലാതെ വരുകയോ ചെയ്താൽ ആ വിവരം **2023 നവംബർ 15-നു** മുൻപായി ഫൊറോനാഡയറക്ടർ / ടീംമാനേജർ മുഖേന അതിരൂപതാ കേന്ദ്രത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. തൽസ്ഥാനത്തേക്ക് അതിനു താഴെ യോഗ്യത നേടിയവരെ മത്സരിപ്പിക്കുന്നതാണ്.

## II. പ്രത്യേക നിബന്ധനകൾ

## A. അവതരണ മത്സരങ്ങൾ

1. **ലളിതഗാനം (ജൂനിയർ, സീനിയർ)**: സമയം 5 മിനിറ്റ്. മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയായിരിക്കും. ഓരോ വിഭാഗത്തിലും രണ്ടുപേർക്കുവീതം പങ്കെടുക്കാവുന്നതാണ്. ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന ലളിതഗാനം ഏതുമാകാം.

2. **ശാസ്ത്രീയ സംഗീതം (ജൂനിയർ, സീനിയർ)**: ബൈബിൾ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ആധികാരിക കൃതിയോ, മൗലിക കൃതിയോ ഉപയോഗിക്കാം. കീർത്തനങ്ങളോ വർണ്ണങ്ങളോ ആകാം. സമയം 7 മിനിറ്റ്. ജൂനിയറിലും സീനിയറിലും നിന്നും രണ്ടുപേർക്കു വീതം പങ്കെടുക്കാവുന്നതാണ് ശാസ്ത്രീയ സംഗീത

ത്തിന് ശ്രുതിസഹായി (ശ്രുതിപെട്ടി/മൊബൈൽ) ഉപയോഗിക്കാവുന്നതാണ്.

3. **പ്രസംഗം (ജൂനിയർ, സീനിയർ)**: സമയം 5 മിനിറ്റ്. പ്രസംഗത്തിന് 5 മിനിറ്റ് മുമ്പായിരിക്കും വിഷയം നൽകുക. ജൂനിയറിലും സീനിയറിലും നിന്നും രണ്ടുപേർക്കുവീതം പങ്കെടുക്കാവുന്നതാണ്.

4. **കഥാപ്രസംഗം (ജൂനിയർ, സീനിയർ)**: സമയം 15 മിനിറ്റ്. പിന്നണിയിൽ എത്രപേർക്കുവേണമെങ്കിലും സഹായിക്കുകയോ ഏറ്റുപാടുകയോ ചെയ്യാവുന്നതാണ്. സഹായികൾ കത്തോലിക്കരായിരിക്കണം. എന്നാൽ, അവർക്ക് പ്രായപരിധി ബാധകമല്ല. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രത്യേക നിയന്ത്രണമില്ല. ജൂനിയറിലും സീനിയറിലും നിന്ന് ഒരാൾ വീതമേ പങ്കെടുക്കാവൂ. കഥാപ്രസംഗത്തിന് നാല് മൈക്കുകളായിരിക്കും സ്റ്റേജിൽ ഒരുക്കുക.

5. **ബൈബിൾ ക്വിസ് (ജൂനിയർ, സീനിയർ)**: രണ്ടുപേർ വീതമുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. ജൂനിയറിലും സീനിയറിലും നിന്ന് രണ്ടു ടീമുകൾവീതം പങ്കെടുക്കാവുന്നതാണ്.

Preliminary Selection: എല്ലാവരോടും എല്ലാ ചോദ്യങ്ങളും ചോദിച്ച് എഴുതിക്കുന്ന മാർഗ്ഗം അവലംബിച്ച് ആകെയുള്ള ടീമുകളിൽനിന്ന് അഞ്ച് ടീമുകളെ തെരഞ്ഞെടുക്കും.

Final Quiz: മേൽപ്പറഞ്ഞവിധം തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് ടീമുകളിൽനിന്ന് ദൃശ്യശ്രാവ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ചോദ്യോത്തര മാർഗ്ഗങ്ങൾ ഉപയോഗിച്ചായിരിക്കും സമ്മാനാർഹരെ കണ്ടെത്തുക.

**വിഷയം:** (ജൂനിയേഴ്സ്-സീനിയേഴ്സ്) **1 സാമുവൽ, ലൂക്കാ സുവിശേഷം, ഫിലിപ്പിയരുടെ ലേഖനം.**

6. **ഡാൻസ്**

**സിംഗിൾ നാടോടി നൃത്തം (ജൂനിയർ, സീനിയർ)** 7 മിനിറ്റ്. രണ്ട് പേർക്ക് വീതം പങ്കെടുക്കാം.

രണ്ടിന്റേയും പിന്നണിയിൽ റെക്കോർഡഡ് സംഗീതം മാത്രമേ അനുവദനീയമായിട്ടുള്ളൂ. ടേപ്പ് റെക്കോർഡർ/സി.ഡി. പ്ലെയർ ഓരോരുത്തരും കൊണ്ടുവരേണ്ടതാണ്.

7. **സങ്കീർത്തനാലാപനം (ജൂനിയർ, സീനിയർ):** സമയം 5 മിനിറ്റ്. പി. ഒ. സി. ബൈബിൾ ആണ് ആലാപനത്തിന് ഉപയോഗിക്കേണ്ടത്. ടെക്സ്റ്റിൽ മാറ്റം വരുത്തരുത്. വരികൾ ആവർത്തിക്കുന്നതിൽ കുഴപ്പം ഇല്ല. ഉച്ചാരണം, ഭാവം, താളം, ലയം എന്നിവ വിലയിരുത്തപ്പെടും. ജൂനിയറിലും സീനിയറിലും നിന്നും രണ്ടുപേർക്കുവീതം പങ്കെടുക്കാവുന്നതാണ്.

8. **തെരുവുനാടകം:** a) ബൈബിൾ പ്രമേയങ്ങളായിരിക്കണം അവതരിപ്പിക്കുന്നത്. b) സമയം 20 മിനിറ്റായിരിക്കും. c) വസ്ത്ര ചമയങ്ങളാകാം. എന്നാൽ, കളർചായങ്ങളുപയോഗിച്ചുള്ള മേയ്ക്കപ്പ് പാടില്ല. ജൂനിയർ, സീനിയർ വേർതിരിവില്ല. d) ഒരു ടീമിനു മാത്രമേ പങ്കെടുക്കാവൂ. എല്ലാവരും ടീം അംഗങ്ങളാണ്.

9. **മാർഗ്ഗംകളി:** അവതരണത്തിന് അനുവദിച്ചിട്ടുള്ള സമയം 10 മിനിറ്റാണ്. പാടുന്ന ആൾ ഉൾപ്പെടെ 7 പേരേ പങ്കെടുക്കാവൂ. കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. ജൂനിയർ, സീനിയർ വേർതിരിവില്ല. ഒരു ടീമിനുമാത്രമേ പങ്കെടുക്കാവൂ.

10. **നാടകം:** a) അവതരണ സമയം 20 മിനിറ്റിൽ കുറയാനും 30 മിനിറ്റിൽ കൂടാനും പാടില്ല. സ്റ്റേജ് സജ്ജീകരണത്തിന് ഒരു നാടകം അവസാനിച്ച് 5 മിനിറ്റ് കഴിഞ്ഞ് 10 മിനിറ്റ് സമയം ലഭിക്കുന്നതാണ്. നാടകം കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കി കൊടുക്കേണ്ടതാണ്. സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിനുശേഷമേ നാടകം ആരംഭിക്കാവൂ. b) പി.ഒ.സി. യിൽ നടന്ന കലോത്സവങ്ങളിൽ ഒരിക്കൽ സമ്മാനം നേടിയ നാടകങ്ങൾ വീണ്ടും മത്സരത്തിൽ അവതരിപ്പിക്കാൻ പാടില്ല. c) സ്റ്റേജിൽ ഫ്രണ്ട് കർട്ടൻ, രണ്ട് ഫുട്ട് ലൈറ്റ്, മൈക്ക് എന്നിവ ലഭിക്കുന്നതാണ്. ജൂനിയർ, സീനിയർ വേർതിരിവില്ല. ഒരു ടീമിനു മാത്രമേ പങ്കെടുക്കാവൂ. **d) വിലയിരുത്തൽ:** ഇതിവൃത്തം (25); അവതരണം (25); സംവേനം (25); അഭിനയം (25).

11. **പെയിന്റിംഗ് മത്സരം (ജൂനിയർ, സീനിയർ):** അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുക. മത്സര സമയത്ത് ബൈബിളിൽനിന്ന് നല്കുന്ന വിഷയത്തിനനുസരിച്ചുവേണം പെയിന്റിംഗ് നടത്തുവാൻ. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ

സംഘാടകർ നൽകുന്നതാണ്. മത്സരത്തിൽ വാട്ടർകളറാണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2.00 മണിക്കൂർ ആയിരിക്കും. ജൂനിയറിലും, സീനിയറിലും നിന്നു മൂന്നുപേർക്കുവീതം പങ്കെടുക്കാം.

## B. രചനാ മത്സരങ്ങൾ

കവിത, ചെറുകഥ, നാടകരചന, ലേഖനം, എന്നിവയാണ് രചനാ മത്സരങ്ങൾ.

1. **ലേഖനമത്സരം:** മൂന്ന് ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തുക.

**ഗ്രൂപ്പ് നമ്പർ 1: (അല്മായർ)**
വിഷയം: **"സിനഡാലിറ്റിയും സഭാനവീകരണവും"**
**ഗ്രൂപ്പ് നമ്പർ 2: (സെമിനാരി വിദ്യാർത്ഥികൾ)**
വിഷയം: **"സിനഡാത്മകതയും സഭാജീവിതവും"**
**ഗ്രൂപ്പ് നമ്പർ 3: (സന്ന്യാസിനികൾ)**
വിഷയം: **"സിനഡാത്മകത ബൈബിളിൽ"**

2. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
3. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും അതിരൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.
4. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും ലേഖനം 10 പേജുകളിലും കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.
5. രചനകൾ അയയ്ക്കുന്ന കവറിൽ **'അഖില കേരള ബൈബിൾ കലോത്സവം 2023'** എന്ന് എഴുതിയിരിക്കണം.
6. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചുനൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുമ്പ് വേറെ കോപ്പി കരുതേണ്ടതാണ്. കൃതികൾ പി.ഒ.സി. യിലേക്ക് നേരിട്ടാണ് അയയ്ക്കേണ്ടത്. രചനകൾ രജിസ്ട്രേഷൻ ഫീസോടൊപ്പം

**സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, കൊച്ചി – 682025** എന്ന വിലാസത്തിൽ **2023 നവംബർ 16–നു** മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. **ഈ തീയതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.**

7. രജിസ്ട്രേഷൻ ഫീസ് 50/- രൂപ ആയിരിക്കും.

8. രചനാമത്സരങ്ങൾക്ക് പ്രായനിബന്ധന ഇല്ല.

9. വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

## III. മത്സര ഇനങ്ങളുടെ ഗ്രേഡും പോയിന്റും സമ്മാനങ്ങളും

മത്സരിക്കുന്നവർക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നിശ്ചയിച്ച് പോയിന്റുകൾ കണക്കാക്കുന്നതാണ്. ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പോയിന്റുകളും മാർക്കിന്റെ അടിസ്ഥാനത്തിൽ സമ്മാനവും നിശ്ചയിക്കും. പോയിന്റടിസ്ഥാനത്തിലായിരിക്കും ഓവറോൾ ചാമ്പ്യൻഷിപ്പ് നിശ്ചയിക്കുക. തെരുവ് നാടകത്തിനും സ്ഥാനനിർണ്ണയമില്ലാതെ ഗ്രേഡ് മാത്രമാണ് ഉള്ളത്.

| GRADE | MARKS % | GROUPS | SINGLE |
|---|---|---|---|
| A | 80-100 | 10 Points | 5 Points |
| B | 70-79 | 7 Points | 3 Points |
| C | 60-69 | 5 Points | 2 Points |

60 ശതമാനത്തിൽ കുറവു ലഭിക്കുന്നവർക്ക് പോയിന്റുകൾ ലഭിക്കുന്നതല്ല. മത്സരത്തിൽ ഒന്നാം സ്ഥാനമോ, രണ്ടാം സ്ഥാനമോ ലഭിച്ചാലും മാർക്ക് 60 ശതമാനത്തിൽ കുറവാണെങ്കിൽ പോയിന്റുകൾ ലഭിക്കുന്നതല്ല. ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുന്ന എല്ലാ യൂണിറ്റിനും 2 പോയിന്റുകൾ വീതം ലഭിക്കുന്നതാണ്. ബൈബിൾ ക്വിസ് മത്സരത്തിന് എഴുത്തുപരീക്ഷക്കുശേഷം തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചുടീമുകൾക്ക് മാത്രം അവസാനം ലഭിക്കുന്ന പോയിന്റിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകൾ നൽകുന്നതാണ്.

**സമ്മാനങ്ങൾ: ഒന്നാം സ്ഥാനക്കാർക്ക് ട്രോഫിയും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും, രണ്ടാം സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും, എല്ലാ A ഗ്രേഡുകാർക്കും സർട്ടിഫിക്കറ്റ് മാത്രവും നൽകുന്നതാണ്.**

മത്സരഫലങ്ങൾ മത്സര ദിവസങ്ങളിൽതന്നെ പ്രഖ്യാപിക്കുന്നതും ഒന്നും രണ്ടും സ്ഥാനക്കാർക്കും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ വർക്കുമുള്ള കലോത്സവ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും അതതു ദിവസം നൽകുന്നതാണ്. എല്ലാ ഇടവക, ഫൊറോനകളിൽനിന്നും സജീവമായ സഹകരണം പ്രതീക്ഷിക്കുന്നു.

| | മത്സരങ്ങൾ | വിഭാഗം | ആളുകളുടെ എണ്ണം | മത്സര സമയം | രജി. ഫീസ് | പോയിന്റുകൾ | | |
|---|---|---|---|---|---|---|---|---|
| A. | രചനാ മത്സരങ്ങൾ | | | | | A (80-100) | B (70-79) | C (60-69) |
| 1. | കവിത | | | | 50 | | | |
| 2. | ചെറുകഥ | | | | 50 | | | |
| 3. | നാടക രചന | | | | 50 | | | |
| 4. | ലേഖനം | അല്മായർ | | | 50 | | | |
| 5. | ” | സെമിനാരിക്കാർ | | | 50 | | | |
| 6. | ” | സന്ന്യസ്തർ | | | 50 | | | |
| B. | അവതരണ മത്സരങ്ങൾ | | | | | | | |
| 1. | ലളിതഗാനം | ജൂനി.ബോയ്സ് | 2 പേർ | 5 മിനിറ്റ് | 50 | 5 | 3 | 2 |
| 2. | ” | ജൂനി. ഗേൾസ് | 2 പേർ | 5 മിനിറ്റ് | 50 | 5 | 3 | 2 |
| 3. | ” | സീനി.ബോയ്സ് | 2 പേർ | 5 മിനിറ്റ് | 50 | 5 | 3 | 2 |
| 4. | ” | സീനി. ഗേൾസ് | 2 പേർ | 5 മിനിറ്റ് | 50 | 5 | 3 | 2 |
| 5. | സങ്കീർത്തനാലാപനം | ജൂനിയർ | 2 പേർ | 5 മിനിറ്റ് | 50 | 5 | 3 | 2 |
| 6. | ” | സീനിയർ | 2 പേർ | 5 മിനിറ്റ് | 50 | 5 | 3 | 2 |
| 7. | ശാസ്ത്രീയസംഗീതം | ജൂനിയർ | 2 പേർ | 7 മിനിറ്റ് | 50 | 5 | 3 | 2 |
| 8. | ” | സീനിയർ | 2 പേർ | 7 മിനിറ്റ് | 50 | 5 | 3 | 2 |
| 9. | പ്രസംഗം | ജൂനിയർ | 2 പേർ | 5 മിനിറ്റ് | 50 | 5 | 3 | 2 |
| 10. | ” | സീനിയർ | 2 പേർ | 5 മിനിറ്റ് | 50 | 5 | 3 | 2 |
| 11. | സിംഗിൾ നാടോടി നൃത്തം | ജൂനിയർ | 2 പേർ | 7 മിനിറ്റ് | 50 | 5 | 3 | 2 |
| 12. | ” | സീനിയർ | 2 പേർ | 7 മിനിറ്റ് | 50 | 5 | 3 | 2 |
| 13. | ബൈബിൾ ക്വിസ് | ജൂനിയർ | 2 ടീം | 7 മിനിറ്റ് | 75 | 10 | 7 | 5 |
| 14. | ” | സീനിയർ | 2 ടീം | 7 മിനിറ്റ് | 75 | 10 | 7 | 5 |
| 15. | കഥാപ്രസംഗം | ജൂനിയർ | 1 ആൾ | 15 മിനിറ്റ് | 75 | 10 | 7 | 5 |
| 16. | ” | സീനിയർ | 1 ആൾ | 15 മിനിറ്റ് | 75 | 10 | 7 | 5 |
| 17. | മാർഗംകളി | | 1 ടീം | 10 മിനിറ്റ് | 100 | 10 | 7 | 5 |
| 18. | തെരുവുനാടകം | | 1 ടീം | 20 മിനിറ്റ് | 100 | 10 | 7 | 5 |
| 19. | നാടകം | | 1 ടീം | 30 മിനിറ്റ് | 100 | 10 | 7 | 5 |
| 20. | പെയിന്റിംഗ് | ജൂനിയർ | 3 പേർ | 2 മണിക്കൂർ | 50 | 5 | 3 | 2 |
| 21. | ” | സീനിയർ | 3 പേർ | 2 മണിക്കൂർ | 50 | 5 | 3 | 2 |

**Fr. Joseph Thamaravely**
**Director**
**Mob: 9847336829**

**Fr. Sanu Puthussery**
**Asst. Director**
**Mob: 9744555662**

# വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യയനവർഷം ആരംഭിച്ചല്ലോ. വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന ഡിപ്ലോമ പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന സംഗമമായ എലൈവും എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന ശില്പശാലയായ എൻലൈറ്റും 2023 ജൂലൈ മാസം 09-ാം തീയതി മുതൽ ആരംഭിക്കുന്നു. ഓരോ ഫൊറോനയിലും നടത്തപ്പെടേണ്ട തീയതികൾ കാറ്റിക്കിസം ഫൊറോനാ കൗൺസിലിനെ നേരത്തെ അറിയിച്ചിട്ടുള്ളതാണ്.

1. **എലൈവ് & എൻലൈറ്റ് പരിപാടികൾ:** (2023 ജൂലൈ, ആഗസ്റ്റ്)

| | |
|---|---|
| ജൂലൈ 09 ഞായർ | : എലൈവ് - മൂക്കന്നൂർ ഫൊറോന |
| ജൂലൈ 16 ഞായർ | : എലൈവ് - വൈക്കം ഫൊറോന |
| ജൂലൈ 23 ഞായർ | : എൻലൈറ്റ് - എറണാകുളം ഫൊറോന |
| ജൂലൈ 30 ഞായർ | : എലൈവ് - ചേർത്തല ഫൊറോന |
| ജൂലൈ 30 ഞായർ | : എൻലൈറ്റ് - പള്ളിപ്പുറം ഫൊറോന |
| ജൂലൈ 30 ഞായർ | : എൻലൈറ്റ് - കിഴക്കമ്പലം ഫൊറോന |
| ആഗസ്റ്റ് 06 ഞായർ | : എലൈവ് - അങ്കമാലി ഫൊറോന |
| ആഗസ്റ്റ് 12 ശനി | : എൻലൈറ്റ് - മഞ്ഞപ്ര ഫൊറോന |
| ആഗസ്റ്റ് 13 ഞായർ | : എലൈവ് - മൂഴിക്കുളം ഫൊറോന |

2. **ദുക്റാന മാർഗ്ഗം ക്വിസ് (ഓൺലൈൻ)** 2023 ജൂലൈ 03 തിങ്കൾ: വിഷയം: അതിരൂപത ഹൈരാർക്കി സ്ഥാപനം.

3. **Catechism Teachers' Orientation Programme (CTOP):** വിശ്വാസപരിശീലനരംഗത്ത് ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കുംവേണ്ടി സംഘടിപ്പിക്കുന്നതാണ് CTOP. അതത് ക്ലാസ്സിലെ പാഠപുസ്തകത്തെ പരിചയപ്പെടുത്തുന്നതിനും പഠിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ക്രിയാത്മകമായ ആക്റ്റിവിറ്റികളും മറ്റും നൽകുവാനും CTOP കൊണ്ട് ഉദ്ദേശിക്കുന്നു.

പത്താം ക്ലാസ്സിൽ കാറ്റിക്കിസം പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്കുവേണ്ടി ജൂലൈ മാസം 08-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ കലൂർ റിന്യൂവൽ സെന്ററിൽ

Catechism Teachers' Orientation Programme (CTOP) നടത്തുന്നു. പത്താം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകരെ ഇതിൽ പങ്കെടുക്കുവാൻ പറഞ്ഞുവിടുമല്ലൊ. രജിസ്റ്റർ ചെയ്തിട്ടുള്ളവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

ഇതുപോലെ തന്നെ മറ്റു ക്ലാസ്സുകാർക്കുമുള്ള Orientation Programme ന്റെ തീയതികളും താഴെ ചേർക്കുന്നു (വചനദീപത്തിലും കാറ്റിക്കിസം കലണ്ടറിലും നൽകിയിട്ടുണ്ട്). അതത് തീയതികളിൽ ടീച്ചേഴ്സിനെ പറഞ്ഞുവിടുവാൻ ശ്രദ്ധിക്കുമല്ലൊ.

1. Class X - 08/07/2023 (Saturday)
2. Class VIII - 17/07/2023 (Monday)
3. Class VII - 28/07/2023 (Friday)
4. Class VI - 28/08/2023 (Monday)
5. Class V - 02/10/2023 (Monday)

4. **റസിഡൻഷ്യൽ കോഴ്സ്:** എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും അതിനു സാധിക്കാത്തവർക്കുവേണ്ടി മാത്രം അതിരൂപതാ കേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്.

a) 2023-2024 അധ്യയനവർഷത്തിലെ തീയതികൾ:

ഒന്നാം വർഷ ഡിപ്ലോമ:

1st Session - 2023 സെപ്റ്റംബർ 30, ഒക്ടോബർ 01, 02 (സെപ്റ്റംബർ 30-ന് രാവിലെ 9.00 മണിക്ക് എത്തിച്ചേരുന്നു).

2nd Session - 2024 ഏപ്രിൽ 14, 15

രണ്ടാം വർഷ ഡിപ്ലോമ:

1st Session - 2023 ഒക്ടോബർ 22, 23, 24 (ഒക്ടോബർ 22-ന് രാവിലെ 9.00 മണിക്ക് എത്തിച്ചേരുന്നു).

2nd Session - 2023 മെയ് 03, 04

b) ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ 2023 ആഗസ്റ്റ് 1 മുതൽ 10 വരെ തീയതികളിൽ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്നുപേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷൻ ഫോമിനുംവേണ്ടി Website: www.catechism

ernakulam.com ൽ Diploma Residential Course എന്ന Menu വിൽ ക്ലിക്ക് ചെയ്യുക; Search ചെയ്യുക. (*വചനദീപം*, പേജ് 49–50 കാണുക)

5. സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനം ജൂൺ 10 ശനിയാഴ്ച: എറണാകുളം-അങ്കമാലി മേജർ അതിരൂപതയിൽ സന്മാർഗ്ഗപഠന വർഷം ജസ്റ്റിസ് കെ. എബ്രാഹം മാത്യു ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഡോ. വർഗ്ഗീസ് പൊട്ടയ്ക്കൽ സന്മാർഗ്ഗപഠന വർഷം ഉദ്ഘാടന സമ്മേളത്തിൽ അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് എഡ്യൂക്കേഷൻ മാനേജർ റവ. ഫാ. തോമസ് നങ്ങേലിമാലിൽ, ശ്രീമതി അഞ്ജു സെബാസ്റ്റ്യൻ, കുമാരി ആൽഫിയ ജോണി എന്നിവർ സംസാരിച്ചു.

സന്മാർഗ്ഗികപഠനത്തിലൂടെ സ്വഭാവരൂപീകരണത്തിനു പ്രാധാന്യം നൽകികൊണ്ട് ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതിനു വിദ്യാലയാധികൃതർ ശ്രദ്ധപതിപ്പിക്കണമെന്നു സന്മാർഗ്ഗപഠനം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ പ്രധാനാധ്യാപകർക്കും ആനിമേറ്റേഴ്സിനും വേണ്ടി നടത്തിയ യോഗത്തിൽ അഭിപ്രായപ്പെട്ടു. തുടർന്നു ഡോ. സിസ്റ്റർ മോളിക്കുട്ടി തോമസ് (സി. തെരേസ്), ശ്രീ. ബാബു ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

2022–23 വർഷത്തിൽ നാലാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തിയ വാർഷിക പരീക്ഷയിൽ എ പ്ലസ് കരസ്ഥമാക്കിയ 241 കുട്ടികളെയും യോഗത്തിൽ അവാർഡും ട്രോഫിയും നൽകി ആദരിച്ചു. കൂടാതെ കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ നേതൃത്വത്തിൽ V, VII, X ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ എറണാകുളം-അങ്കമാലി മേജർ അതിരൂപതയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽനിന്നും സ്കോളർഷിപ്പ് കരസ്ഥമാക്കിയ 05 കുട്ടികളെയും ആദരിച്ചു. ഏകദേശം 750 പേർ ഈ യോഗത്തിൽ പങ്കെടുത്തു. അതിരൂപത സന്മാർഗ്ഗ പഠനവിഭാഗം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴയും കേന്ദ്രഓഫീസ് ടീമും സന്മാർഗ്ഗബോധനം പ്രവേശനോത്സവത്തിനു നേതൃത്വം വഹിച്ചു.

6. നന്ദി: അതിരൂപതാ വിശ്വാസപരിശീലനവിഭാഗത്തിന്റെ കറുകുറ്റി ഫൊറോന ഡയറക്ടർറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ക്രിസ്റ്റി മഠത്തിൽ അച്ചന് നന്ദിയും കടപ്പാടും പ്രാർത്ഥനാശംസകളും.

7. സ്വാഗതം: അതിരൂപതാ വിശ്വാസപരിശീലനവിഭാഗത്തിന്റെ ഫൊറോനാ ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാർ: ഫാ. ഡെന്നി (മാത്യു) കാട്ടയിൽ (അങ്കമാലി), ഫാ. ജോസഫ് (വിനു) കുന്നേൽ (എറണാകുളം), ഫാ. ഡോ. വർഗ്ഗീസ് പൂതവേലിത്തറ (കറുകുറ്റി), ഫാ. പോൾ (സ്റ്റെനി) കുന്നേക്കാടൻ (മൂഴിക്കുളം), ഫാ. പോൾ മേലേടത്ത് (പറവൂർ) എന്നിവർക്ക് സ്വാഗതവും പ്രാർത്ഥനാശംസകളും.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

---

# AICO
## (Archdiocesan Institutions' Central Office)

**ബജറ്റ് ബോർഡ് മീറ്റിംഗ്**

| | |
|---|---|
| മെയ് 30 | സെന്റ് ജോസഫ്സ് ITI, തുറവൂർ, ചേർത്തല |
| മെയ് 31 | നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മന്റ്, ചേർത്തല |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| മെയ് 30 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂൺ 02 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂൺ 05 | നൈപുണ്യ കോളേജ്, പൊങ്ങം |
| ജൂൺ 07 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂൺ 08 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂൺ 09 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂൺ 10 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂൺ 12 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂൺ 19 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂൺ 20 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂൺ 22 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ജൂൺ 24 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂൺ 28 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2023 ജൂലൈ – ആഗസ്റ്റ്

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ജൂലൈ 03-05 (കലൂർ) | ആഗസ്റ്റ് 01-03 (കാലടി) |
| ജൂലൈ 11-13 (കാലടി) | ആഗസ്റ്റ് 07-09 (കലൂർ) |
| ജൂലൈ 17-19 (കലൂർ) | ആഗസ്റ്റ് 15-17 (കാലടി) |
| ജൂലൈ 25-27 (കാലടി) | ആഗസ്റ്റ് 21-23 (കലൂർ) |
| | ആഗസ്റ്റ് 22-24 (കാലടി) |

NB:ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### യൂദിത്ത്ഫോറംവാർഷികം (മേഖല സമ്മേളനം)

ജൂലൈ 01 — കൈപ്പട്ടൂർ, വ്യാകുലമാതാ പള്ളി
(രാവിലെ 09.30 മുതൽ 03.30 വരെ)

ഫൊറോനകൾ - അങ്കമാലി, മഞ്ഞപ്ര, കാഞ്ഞൂർ, വല്ലം

### ദമ്പതി സംഗമം

ജൂലൈ 02 - കൈപ്പട്ടൂർ (വ്യാകുലമാത ദേവാലയം)

### ബോർഡ് മീറ്റിംഗ്

ജൂലൈ 06

### ഗ്രാൻഡ് പാരന്റ്സ് സംഗമം

ജൂലൈ 08 - കൈപ്പട്ടൂർ

### ദമ്പതീ മദ്ധ്യസ്ഥരായ വി. ലൂയി - സെലി ഫീസ്റ്റ്

ജൂലൈ 09 - കിടങ്ങൂർ

### യൂദിത്ത് ഷൈൻ വിധവാധ്യാനം (Contact Number -9400836249)

ജൂലൈ 21-23

**സ്നേഹജ്വാല**

ജൂലൈ 07, 08, 09 - കൈപ്പട്ടൂർ
ജൂലൈ 21, 22, 23 - കോളങ്ങായി

**ആനിമേറ്റർ സിസ്റ്റേഴ്സ് ട്രെയിനിംങ്ങ്**

ജൂലൈ 02 - കാലടി
(അങ്കമാലി, മഞ്ഞപ്ര, കാഞ്ഞൂർ, വല്ലം - ഫൊറോനകൾ)
ജൂലൈ 09 - കൊരട്ടി
(കറുകുറ്റി, കൊരട്ടി, മൂക്കന്നൂർ, മൂഴിക്കുളം- ഫൊറോനകൾ)
ജൂലൈ 16 - വൈക്കം
(ചേർത്തല, പള്ളിപ്പുറം, വൈക്കം- ഫൊറോനകൾ)
ജൂലൈ 23 - എമ്മാവൂസ് കളമശ്ശേരി
(ഇടപ്പള്ളി, കിഴക്കമ്പലം, തൃപ്പൂണിത്തുറ, പറവൂർ, എറണാകുളം)

**പാരന്റിംഗ് സെമിനാർ**

ജൂലൈ 02 - പാണ്ടുപാറ
ജൂലൈ 07 - കാഞ്ഞൂർ
ജൂലൈ 30 - സാൻജോ നഗർ

**ഗ്രാന്റ് പാരന്റ്സ് ഡേ ആഘോഷം**

ഈശോയുടെ ഗ്രാന്റ് പാരന്റ്സ് ആയ വിശുദ്ധ യോവാക്കിമിന്റെയും അന്നയുടെയും തിരുനാൾ ദിനത്തോടനുബന്ധിച്ച് ജൂലൈ 23-ാം തിയതി നമ്മുടെ അതിരൂപതയിൽ ഈ വർഷം ഗ്രാന്റ് പാരന്റ്സ് ഡേ ആയി ആഘോഷിക്കുവാൻ ആഗ്രഹിക്കുന്നു. കുടുംബങ്ങളിൽ മുതിർന്ന മാതാപിതാക്കൾക്ക് മക്കളും, പേരക്കുട്ടികളും നല്കുന്ന അംഗീകാരത്തേയും ബഹുമാനത്തേയും പ്രോത്സാഹിപ്പിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. അതിനു വേണ്ടതായ ക്രമീകരണങ്ങൾ അതിരൂപത കുടുംബപ്രേഷിതകേന്ദ്രത്തിന്റെ സഹകരണത്തോടെ ഇടവകതലങ്ങളിൽ നടത്തുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

സംഘാടനം : ഇടവകാടിസ്ഥാനത്തിൽ, ഗ്രെയ്സ് റിപ്പിൾസ്-മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ് ദമ്പതികൂട്ടായ്മകളുടെ നേതൃത്വത്തിൽ.

നടത്തേണ്ട ദിവസം: ജൂലൈ 23, ഞായർ

നടത്താവുന്ന രീതികൾ

- അന്നേ ദിവസം വിശുദ്ധ കുർബാനയോടനുബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുക.
- ദേവാലയത്തിൽ ഏറ്റവും മുന്നിലായി അവർക്ക് ഇരിപ്പിടങ്ങൾ തയ്യാറാക്കുക.
- വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ അവരെ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കുക.
- സാധിക്കുമെങ്കിൽ ലേഖനം വായിക്കാനും, കാഴ്ചസമർപ്പിക്കാനും മാതാപിതാക്കൾക്ക് അവസരം നല്കുക.
- വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവകയുടെ പ്രതിനിധികളാരെങ്കിലും ആശംസകളും അഭിനന്ദനങ്ങളും നേരുക.
- പൊന്നാടയണിക്കാൻ പേരക്കുട്ടികളെ ഒരുക്കുക.
- മക്കൾ മാതാപിതാക്കൾക്ക് പൂവ് കൊടുത്ത് ആദരിക്കുക.

മാതാപിതാക്കൾക്കായി കാപ്പി ഒരുക്കുക. ഒരു ചെറിയ സമ്മാനവും നല്കുന്നത് ഉചിതമായിരിക്കും.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

**റയിൽവേ ചൈൽഡ് ലൈൻ അഞ്ചാം വാർഷികാഘോഷം**

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം, റയിൽവേ എന്നിവയുടെ സഹകരണത്തോടെ സഹൃദയയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന റയിൽവേ ചൈൽഡ് ലൈനിന്റെ അഞ്ചാം വാർഷികാഘോഷം നടത്തി. എറണാകുളം ജില്ലയിലെ വിവിധ റെയിൽവേ സ്റ്റേഷനുകളിൽ അസ്വാഭാവികവും, അരക്ഷിതവുമായ സാഹചര്യങ്ങളിൽ കണ്ടെത്തിയ 830 കുട്ടികളെ രക്ഷപ്പെടുത്തി സുരക്ഷിതമായ സ്ഥലങ്ങളിൽ എത്തിക്കാൻ ചൈൽഡ് ലൈന് അഞ്ചുവർഷത്തിനുള്ളിൽ സാധിച്ചു.

**പഠനോപകരണ വിതരണം**

സഹൃദയ, അതിരൂപതാ കോർപറേറ്റ് വിദ്യാഭ്യാസ ഏജൻസിയുമായി സഹകരിച്ച് ആലുവ സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ, മംഗലശേരി സെന്റ് സ്റ്റനിസ്ലാവോസ് എൽ.പി. സ്ക്കൂൾ, സ്രാമ്പിക്കൽ സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ, നീണ്ടകര സെന്റ് മാർട്ടിൻ യു.പി. സ്ക്കൂൾ എന്നിങ്ങനെ നാല്

സ്ക്കൂളുകളിൽ നിന്നുള്ള 300 നിർധന വിദ്യാർത്ഥികൾക്ക് പഠനോപകരണ ങ്ങൾ വിതരണം ചെയ്തു.

**സ്പോർട്സ് കോംപ്ലെക്സിന്റെ സമർപ്പണം**
അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് കായിക മേഖലയിൽ ഉയർച്ചനേടുന്നതിനായി കടവന്ത്ര സെന്റ് ജോസഫ്സ് യു.പി. സ്ക്കൂളിൽ കൊച്ചിൻ ഷിപ് യാർഡിന്റെയും അതിരൂപതാ കോർപറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും സഹകരണത്തോടെ സഹൃദയയും കടവന്ത്ര സെന്റ് ജോസഫ് ഇടവകയും സംയുക്തമായി പ്രത്യേക സ്പോർട്സ് കോംപ്ലെക്സും ഫൂട്ട് ബോൾ ടർഫും സ്ഥാപിച്ചു.

**പരിസ്ഥിതി ദിനത്തിൽ ഹരിതവേലി പദ്ധതി**
നായരമ്പലം, വടക്കേക്കര, കുഴുപ്പിള്ളി, ഞാറക്കൽ, എളംകുന്നപ്പുഴ, എടവന ക്കാട്, പുത്തൻവേലിക്കര, ചേന്ദമംഗലം, ചെല്ലാനം എന്നിങ്ങനെ തീരമേഖലയിലെ ഒമ്പത് പഞ്ചായത്തുകളുടെ തീരങ്ങളിൽ 2250 തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്ന ഹരിതവേലി പദ്ധതിക്ക് പരിസ്ഥിതി ദിനത്തിൽ തുടക്കമായി. ഹൈബി ഈഡൻ എം.പി, റിലയൻസ് ഫൗണ്ടേഷൻ, സഹൃദയ എന്നിവർ സംയുക്തമായി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ യാണ് ഹരിതവേലി പദ്ധതി നടപ്പാക്കുന്നത്.

**സേവ് എ ഫാമിലി പ്ലാൻ:** കുടുംബ ഉദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട തിരുനല്ലൂർ ക്ലസ്റ്ററിലെ കുടുംബങ്ങളെ ഉൾപ്പെടുത്തി മൂന്ന് സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു.

**ആനിമേറ്റേഴ്സ് മീറ്റിംഗ്:** എറണാകുളം, പറവൂർ, ചേർത്തല, അങ്കമാലി, കാലടി റീജിയണൽ സഹൃദയ ആനിമേറ്റസ് മീറ്റിംഗുകൾ സംഘടിപ്പിച്ചു. ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പ് തുടങ്ങുന്നതിനും, സംഘം പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

**വാർഷികം:** കുറ്റിപ്പുഴ ഇടവകയിലെ സ്വയം സഹായ സംഘങ്ങളുടെ വാർഷിക ആഘോഷം നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് മരുന്നുവിതരണം**
സഹൃദയയുടെയും കാരുകുന്ന് സെന്റ് ജോസഫ് പള്ളി വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെയും, ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയുടെയും നേതൃ ത്വത്തിൽ കാരുകുന്നിൽ സൗജന്യ മെഡിക്കൽ ക്യാമ്പും ലാബ്ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യവും മരുന്നുവിതരണവും സംഘടിപ്പിച്ചു.190 പേർക്ക് സേവനം ലഭിച്ചു സജീവം പ്രോഗ്രാമിന്റെ ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചിരുന്നു.

**സ്കിൽ ട്രെയിനിംഗ് അദ്ധ്യാപകർക്ക് പരിശീലന ക്ലാസ്**
കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാൻ-ന്റെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ നാല്പതോളം സ്കിൽ ട്രെയിനിംഗ് അദ്ധ്യാപകർക്കു വേണ്ടി പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു.

**കുടനിർമ്മാണ പരിശീലനം**
ഇല്ലിത്തോട് വില്ലേജിൽ 15 സംഘാംഗങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി കുട നിർമ്മാണ പരിശീലനം നടത്തി.

**യുവതി യുവാക്കൾക്കായി തൊഴിൽ പരിശീലനം**
സഹൃദയയുടെയും ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ തൊഴിൽരഹിതരായ 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്കായി കൂൺകൃഷി, പേപ്പർ ക്യാരിബാഗ്, പപ്പടം, മസാല & കറി പൗഡറുകൾ, ഫാസ്റ്റ് ഫുഡ് നിർമാണം, തയ്യൽ എന്നിവയിൽ പരിശീലനവും പ്രോത്സാഹനവും നൽകി സ്വയം തൊഴിൽ സംരംഭം തുടങ്ങുവാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ സംഘടിപ്പിക്കുന്ന പരിശീലനങ്ങളിൽ 10 ദിവസം നീണ്ടുനിൽക്കുന്ന ഫാസ്റ്റ് ഫുഡ് മേക്കിംഗ് പരിശീലനം പറവൂർ റീജിയണൽ ഓഫീസിൽ ആരംഭിച്ചു.

കൈപ്പട്ടൂർ സെന്റ് മേരീസ് പള്ളിയിൽ 10 ദിവസം നീണ്ടുനിൽക്കുന്ന പേപ്പർ ക്യാരി ബാഗ് നിർമ്മാണ പരിശീലനത്തിനും തുടക്കമായി. സൗജന്യ പരിശീലനത്തിനുശേഷം തൊഴിൽ ആരംഭിക്കുന്നതിനുള്ള വായ്പയും, പ്രോത്സാഹനവും, മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതായിരിക്കും.

**മാലിന്യ സംസ്കരണ സെമിനാർ**
പാലാരിവട്ടം-ആലിൻചുവട് റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സഹൃദയ ടെക്കിന്റെ സഹകരണത്തോടെ മാലിന്യസംസ്കരണ സെമിനാർ സംഘടിപ്പിച്ചു. അസോസിയേഷൻ അംഗ കുടുംബങ്ങളിൽ ബയോബിൻ സ്ഥാപിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം നഗരസഭാ കൗൺസിലർ നിർവഹിച്ചു.

**സഹൃദയ ഫെസ്റ്റ്:** വെണ്ണല സെന്റ് മാത്യൂസ് ദേവാലയത്തിൽ സഹൃദയ ഫെസ്റ്റ് സംഘടിപ്പിച്ചു.

**അതിഥി തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ്**
കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ കടവന്ത്രയിലും കാഞ്ഞൂരിലും അതിഥി തൊഴിലാളികൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പും മെഡിക്കൽ കിറ്റ് വിതരണവും സംഘടിപ്പിച്ചു.

**പുകയില വിരുദ്ധ ദിനാചരണം**
കാരിത്താസ് ഇന്ത്യയും, കേരള സോഷ്യൽ സർവീസ് ഫോറവും, സഹൃദയയും ചേർന്ന് നടപ്പാക്കുന്ന സജീവം - ലഹരി വിരുദ്ധ കാംപെയിൻ-ന്റെ ഭാഗമായി പൊന്നുരുന്നിയിൽ പുകയില വിരുദ്ധ ദിനാചരണവും സിഗ്നേച്ചർ കാംപെയിനും സംഘടിപ്പിച്ചു.

**യോഗാദിനാചരണം:** സഹൃദയ ആത്മയോഗ അക്കാദമിയുടെ നേതൃത്വത്തിൽ യോഗാദിനാചരണം പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു.

**നൈവേദ്യയിൽ വർഷകാല ചികിത്സ**
പൊന്നുരുന്നി സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയിൽ കർക്കിടക ചികിത്സയുടെ വിവിധ പാക്കേജുകൾ (3, 5, 7, 14, 21 ദിവസങ്ങൾ) ലഭ്യമാണ്. ബുക്കിംഗിന് ഫോൺ: 9496573926.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

---

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**
  Attn: + 2 students & graduates - golden opportunity awaits you!
- Study, work & settle in your dream destinations- Canada, UK, Germany, Australia & New Zealand
- January 2024 & September 2024 intake is open. Apply immediately
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**
- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employeesനെ സ്വാഗതം ചെയ്യുന്നു. അടുത്ത ബാച്ച് ജൂലൈ 24-ന് ആരംഭിക്കുന്നു. സമയം: വൈകിട്ട് 6.00 മുതൽ 7.00 വരെ.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- **ജൂലൈ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് (B1, B2) ബാച്ചുകൾ ജൂലൈ 4-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് (A1, A2 & B1) ബാച്ചുകൾ ജൂലൈ 10-ന് ആരംഭിക്കുന്നു.
3. സ്പാനിഷ് കോഴ്സ് (A1) ബാച്ചുകൾ (ഓൺലൈൻ) ജൂലൈ 17-ന് ആരംഭിക്കുന്നു.
4. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2023 -2024).
5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs (JULY)**

- UGC NET/JFR PAPER I & PAPER II - Offline (batch for December exam)
- BANK (IBPS, PO, CLERK, SO) - Offline (new admission all Mondays)
- SSC (CGL, CHSL, MTS) - Offline (new admission all Mondays)
- C Mat, K-Mat - Offline (admission for next Exam)
- PSC - Offline (new admission all Mondays)
- IELTS - Regular & Offline (all Mondays new batch)
- PTE (Pearson Test of English) (All Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായ ങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

– For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

**മെയ് 2023**

30 തൃക്കാക്കര മൈനർ സെമിനാരിയിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ കൂടിക്കാഴ്ച മേജർ ആർച്ചുബിഷപ്സ് ഹൗസിൽ നടത്തി.

**ജൂൺ 2023**

06 തൃക്കാക്കര മൈനർ സെമിനാരിയിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ കൂടിക്കാഴ്ച മേജർ ആർച്ചുബിഷപ്സ് ഹൗസിൽ നടത്തി.

പാലാരിവട്ടം പി.ഒ.സി. യിൽ നടന്ന കെ.സി.ബി.സി. യോഗത്തിൽ സംബന്ധിച്ചു.

09 ഐമുറി തിരുഹൃദയദേവാലയത്തിൽ ബഹുമാനപ്പെട്ട ജോസഫ് പുത്തൻകുടി അച്ചന്റെ മൃതദേഹസംസ്കാര കർമ്മങ്ങളുടെ അവസാന ഭാഗത്ത് സംബന്ധിച്ചു.

12 മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർ മെത്രാൻ സിനഡിൽ പങ്കെടുത്തു.

* * * *



RNI No. 3421/57
Date of Publication: 01-07-2023

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org